2466

# ബാലകഥാമഞ്ജരി.

G 204

ഗ്രന്ഥകർത്താ,

പി. എൻ. കൃഷ്ണപിള്ള ബി. എ

G 204

"ശ്രീരാമവിലാസം" പ്രസ്സ്,

കൊല്ലം.

1103.

2466
4.204

# ബാലകഥാമഞ്ജരി.

## ൧. പ്രഭുക്കന്മാരും പരിചയും.

അക്കാലത്തു് ധീരന്മാരായ പ്രഭുക്കന്മാർ നാടുവാണിരുന്നു. ഒരുദിവസം യുദ്ധവീരനെന്നു പ്രസിദ്ധനായ ഒരു പ്രഭു കുതിരപ്പുറത്തുകയറി തെക്കുനിന്നും വടക്കോട്ടു യാത്രചെയ്കയായിരുന്നു. വഴിമദ്ധ്യേ ആരെയും ആകർഷിക്കുന്ന ഒരു മനോഹരമായ പ്രതിമ കണ്ടു് അയാൾ കുതിരയെ നിറുത്തി. അതു നോക്കിക്കൊണ്ടു് പ്രഭു കുറേനേരം അവിടെ നിന്നു. വിജയദേവതയുടെ ഒരു പ്രതിമയായിരുന്നു അതു്. ലോകം മുഴുവൻ സഞ്ചരിച്ചിട്ടുള്ള ആ പ്രഭു ഇത്ര ഭംഗിയുള്ള ഒരു പ്രതിമ ഇതിനുമുൻപു് ഒരിടത്തും കണ്ടിരുന്നില്ല. ഒരു ഉന്നതമായ പീഠത്തിന്മേൽ നിന്ന ആ വിജയദേവതയുടെ വാൾ ഉറയിൽ ഇട്ടിരിക്കുകയായിരുന്നു. പരിചയാകട്ടെ ദേവതയുടെ പാദത്തിനരികിൽ കിടന്നിരുന്നു. മനോഹരമായ ഒരു പുഷ്പമാല ദേവത അണിഞ്ഞിരുന്നു.

"ഹാ! എന്തു പണം ചെലവാക്കി നിർമ്മിച്ച ഒരു പ്രതിമയാണിതു്? ആ പരിച തനിസ്വർണ്ണംകൊണ്ടുണ്ടാക്കിയതാണു്" എന്നു് അയാൾ തന്നത്താൻ അറിയാതെ വിളിച്ചുപറഞ്ഞു.

ഈ പ്രതിമയുടെ സൗന്ദര്യാസ്വാദനത്തിൽ മതിമറന്നുപോയതിനാൽ എതിർവശത്തു നിന്നു മറെറാരു യോദ്ധാവ് കുതിരപ്പുറത്തു കയറി വന്നതു് അയാറം കണ്ടില്ല. ആ യോദ്ധാവും പ്രതിമകണ്ടു് അവിടെത്തന്നെ നിന്നുപോയി. എന്നാൽ, "ആ പരിച തനിസ്വർണ്ണംകൊണ്ടുണ്ടാക്കിയതാണെ"ന്നു് ആരോ വിളിച്ചുപറയുന്നതുകേട്ടു്, യോദ്ധാവു് അത്ഭുതപ്പെട്ടു. എന്തെന്നാൽ അയാറം എത്രതന്നെ സൂക്ഷിച്ചു നോക്കിയിട്ടും അതു വെള്ളികൊണ്ടുണ്ടാക്കിയതെന്നല്ലാതെ വിശ്വസിക്കുവാൻ നിർവാഹമുണ്ടായിരുന്നില്ല.

"ഇതു് എന്തു വിചിത്രമായിരിക്കുന്നു. സ്വർണ്ണവും വെള്ളിയും തിരിച്ചറിയുവാൻ പാടില്ലാത്ത ഈ ആറം ആരായിരിക്കും" ഇപ്രകാരം വിചാരിച്ചു രണ്ടാമത്തെ യോദ്ധാവു് ഇങ്ങനെ പറഞ്ഞു:—"സ്നേഹിത, ഇടയ്ക്കു കയറി പറയുന്നതിൽ വല്ലായ്മ വിചാരിക്കരുതു്. നിങ്ങളുടെ കണ്ണിന്നു് എന്തോ തരക്കേടുണ്ടെന്നു തോന്നുന്നു. ആ പരിച സ്വർണ്ണംകൊണ്ടല്ല, വെള്ളികൊണ്ടാണുണ്ടാക്കിയിരിക്കുന്നതു്."

"നിങ്ങറം എന്താണു പറയുന്നതു്? എനിക്കു സ്വർണ്ണവും വെള്ളിയും തിരിച്ചറിഞ്ഞുകൂടെന്നോ?"

"ഇത്ര മഠയനായ നിങ്ങളോടു ഞാൻ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. എന്നാൽ എനിക്കു വെള്ളി കണ്ടാൽ തിരിച്ചറിയാം. അതു വെള്ളിയാണെന്നു ഞാൻ പറയുന്നു".

"അതു സ്വർണ്ണമാണെന്നു ഞാൻ പറയുന്നു".

"എടാ, മഠയാ!"

"നിങ്ങൾ എന്നെ അപമാനിക്കുന്നു. എനിക്കു് ഇതു് ഇനിയും സഹിക്കുവാൻ നിവൃത്തിയില്ല."

"ഇന്നു രാവിലെ പുറപ്പെട്ടപ്പോൾ സ്വപ്നവും വെളിയും തിരിച്ചറിയുവാൻ പാടില്ലാത്ത ഒരുവനുമായി വഴക്കു പിടിക്കേണ്ടിവരുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. നിങ്ങൾ വെറുതെ വക്കാണത്തിനു കയറി വരികയാണെങ്കിൽ ഞാൻ അതിൽനിന്നും പിന്മാറുകയില്ല."

"എന്നാൽ നമുക്കൊന്നു ബലം പ്രയോഗിച്ചുനോക്കാം", എന്നു പറഞ്ഞുകഴിഞ്ഞ ഉടൻതന്നെ രണ്ടു യോദ്ധാക്കന്മാരും വാൾ ഊരി ഒരു ദ്വന്ദ്വയുദ്ധത്തിനു തയാറായിക്കഴിഞ്ഞു.

അപ്പോൾ ഒരു ശബ്ദം ഇങ്ങനെ വിളിച്ചുപറയുന്നതു അവർ കേട്ടു:—"നിങ്ങൾ ധൃതിപ്പെടാതിരിക്കുക. നിങ്ങൾ എന്തിനാണു് പടവെട്ടുവാൻ പോകുന്നതെന്നു തീർച്ചപ്പെടുത്തുക" ഈ ശബ്ദംകേട്ടു പ്രഭുക്കൾ പിന്നോക്കം മാറിനിന്നു. ശുഭ്രവസ്ത്രധാരിണിയായ ഒരു യുവതി അവരുടെ നേരെ ഓടിവരുന്നതു കണ്ടു. അവൾ ഓടിവന്നു് അവരുടെ രണ്ടുപേരുടേയും മദ്ധ്യത്തിൽ നിന്നുകൊണ്ടു് "നിങ്ങൾ എന്തിനാണു യുദ്ധംചെയ്യുവാൻപോകുന്നതു്" എന്നു ചോദിച്ചു.

"ഞാൻ കള്ളനാണെന്നു ഈയാൾ പറയുന്നു. ഞങ്ങളുടെ ഇടയിൽനിന്നും മാറുക" എന്നു അവരിൽ ഒരു യോദ്ധാവു വിളിച്ചുപറഞ്ഞു.

"അയാളും എന്നെ അതുതന്നെ വിളിക്കുന്നു. ഏതായാലും ഞങ്ങൾ വാൾകൊണ്ടു ഈ തർക്കം തീർക്കട്ടെ" എന്നു മറേറ യോദ്ധാവു യുവതിയോടു പറഞ്ഞു.

"ഇതു നിർത്തുക" എന്നു ആ യുവതി എത്രയും അധികാരസ്വരത്തിൽ ആവശ്യപ്പെടുകയും അവർ ഏതോ ഒരു ഗൂഢശക്തിയുടെ പ്രേരണയാൽ അവളെ അനുസരിക്കുകയും ചെയ്തു.

"അങ്ങനെ പറയരുതു് ബഹുമാന്യന്മാരായ പുരുഷന്മാർ വെറും പെണ്ണുങ്ങളെപ്പോലെയല്ല അപമാനത്തെ കരുതുന്നതു്. നിങ്ങൾ തയ്യാറായോ? വരിക! യുദ്ധത്തിനു വരിക!" എന്നു അവരിൽ ഒരു യോദ്ധാവു യുവതിയോടും എതിരാളിയോടുമായി പറഞ്ഞു.

അവർ വീണ്ടും വാൾ ഓങ്ങി. വാളുകൾ തമ്മിൽ ഉരുമ്മുന്നശബ്ദം കേട്ടു. ആ സമരം നിർത്തുവാൻ സ്ത്രീ ഒന്നുകൂടി അധികാരസ്വരത്തിൽ ആജ്ഞാപിച്ചു.

"ഇതു നിർത്തിയിട്ടു് ഞാൻ പറയുന്നതു കേൾക്കുക!" എന്നു അവൾ പറഞ്ഞപ്പോൾ അതിധീരന്മാരായ പടയാളികളായിരുന്നിട്ടും അവർ അതിനെ അനുസരിക്കുവാൻ നിർബന്ധിതരായിത്തീർന്നു. അവൾ ഇങ്ങനെ തുടർന്നു പറഞ്ഞു:—"നിങ്ങൾ രണ്ടുപേരും അവരവർ നിൽക്കുന്നതിന്റെ മറുവശത്തുചെന്നു പ്രതിമയെ നോക്കുക." തെക്കുനിന്നും വടക്കോട്ടു വന്ന പ്രഭു വടക്കുഭാഗത്തു ചെന്നുനിന്നു പ്രതിമയെ നോക്കി. ആ യുവതി അപ്പോൾ അയാളോടു ഇങ്ങനെ ചോദിച്ചു:—"ഇപ്പോൾ ആ പരിച എന്തുകൊണ്ടുണ്ടാക്കിയതാണെന്നു പറയുമോ?"

"ഞാൻ ഒരു വെള്ളിപ്പരിചയാണു കാണുന്നതു്" എന്നു അയാൾ താണസ്വരത്തിൽ പറഞ്ഞു.

അതേസമയംതന്നെ വടക്കുനിന്നും തെക്കോട്ടുവന്ന

പ്രഭു തെക്കുവശത്തുനിന്നു് പ്രതിമയെ നോക്കിയിട്ടു "ഞാൻ ഒരു സ്വൎണ്ണപ്പരിചയാണു കാണുന്നതു്" എന്നു ഏററവും വിനീതമായി പ്രസ്താവിച്ചു.

ആ യുവതി ഇങ്ങനെ പറഞ്ഞു:—"അതെ, ആ പരിചയുടെ ഒരുവശം സ്വൎണ്ണവും മറുവശം വെള്ളിയുമാണു്. അതിനാൽ നിങ്ങൾ രണ്ടാളും തെററാണു പറഞ്ഞതു്; നിങ്ങൾ രണ്ടാളും പറഞ്ഞതു് ശരിയുമാണു്. ഇനിയും നിങ്ങൾ എന്താണു ചെയ്യുവാൻപോകുന്നതെന്നു പറയുക."

"ഞങ്ങളുടെ വഴക്കു അവസാനിച്ചു" എന്നു പറഞ്ഞു അവർ പരസ്പരം സ്നേഹഭാവം പ്രകടിപ്പിച്ചു.

ആ യുവതിയാകട്ടെ ഇങ്ങനെ പ്രസ്താവിച്ചുകൊണ്ടു അപ്രത്യക്ഷയായി. "എൻെറ പേർ സമാധാനദേവതയെന്നാകുന്നു. സകല കാൎയ്യങ്ങൾക്കും രണ്ടു വശമുണ്ടെന്നു അറിഞ്ഞുകൊള്ളുക.

---

## ൨. ഒരു കപ്പൽ ഗോതമ്പു്.

എഴുനൂറു വൎഷങ്ങൾക്കുമുൻപു് ഹോളണ്ടിലെ അതിമനോഹരമായ പട്ടണം സ്റ്റാവോൺ ആയിരുന്നു. ഒരു വലുതായ അണ കെട്ടിയാണു് ആ പട്ടണത്തെ കടലിൻെറ ആക്രമണത്തിൽനിന്നും രക്ഷിച്ചിരുന്നതു്. ആ പട്ടണവാസികൾ സ്വന്തം കപ്പലുകളിൽ വിദേശങ്ങളുമായി കച്ചവടം നടത്തിയിരുന്നതിനാൽ അവരെല്ലാം വലിയ സമ്പന്നാ

രായിരുന്നു. അവരിൽ ഏറ്ററവും സമ്പന്നയും പ്രതാപശാലിനിയുംആയ ഒരു സ്ത്രീയുണ്ടായിരുന്നു. ഒരു ദിവസം അവളുടെ ഏറ്ററവും വലിയ കപ്പലിൻെറ കപ്പിത്താനെവിളിച്ച് അവശ ഇങ്ങനെ പറഞ്ഞു:—

"ഉടൻതന്നെ യാത്രപുറപ്പെടുക. ലോകത്തിലെ ഏററവും വിലയേറിയ അപൂൎവ്വസാധനം ഒരു കപ്പൽനിറയെ കൊണ്ടുവരിക."

കപ്പിത്താൻ ഇങ്ങനെ ചോദിച്ചു:—"അവിടുന്നു പറയുന്നതു് എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. അവിടുത്തേക്കു് ഇന്ത്യയിലെ പട്ടാണോ, സ്വർണ്ണമാണോ രത്നമാണോ എന്താണു വേണ്ടതു്?"

അവശ അധികാരഭാവത്തോടെ ഇങ്ങനെ പറഞ്ഞു:-"ഞാൻ നിനക്കു് ഉത്തരവു തന്നുകഴിഞ്ഞിരിക്കുന്നു. ഈ പട്ടണത്തിലെ അതിസമ്പന്നയായ സ്ത്രീ ഞാനാണു്. ഞാൻ എൻെറ ധനംകൊണ്ടു എൻെറ നാട്ടുകാരെ മുഴവൻ അത്ഭുതപ്പെടുത്തുവാൻ നിശ്ചയിച്ചുകഴിഞ്ഞു. ലോകത്തിലെ ഏററവും വിലയേറിയ അപൂൎവ്വസാധനമെന്തെന്നുകണ്ടുപിടിച്ചു് ഉടൻ അതിവിടെ എത്തിക്കുക."

കപ്പിത്താൻ അപ്പോശതന്നെ യാത്രതിരിച്ചു. കപ്പൽ കുറെദൂരം സഞ്ചരിച്ചതിനുശേഷം അയാശ തൻെറ കൂട്ടുകാരെ ചുററും വിളിച്ചുവരുത്തി സ്വാമിനിയുടെ ആജ്ഞ എന്തെന്നു് അവരെ അറിയിക്കുകയും, ലോകത്തിലെ ഏററവും വിലയേറിയ സാധനം എന്താണെന്നു് അവരോടു ചോദിക്കുകയും ചെയ്തു.

"സ്വർണ്ണം" എന്നൊരുവൻ പറഞ്ഞു.

"അല്ല, ഇന്ത്യൻസാൽവയ്ക്ക്" അതിനെക്കാൾ വില യുണ്ടു്" എന്നു മറെറാരുത്തൻ ഉടനെ അഭിപ്രായപ്പെട്ടു.

"അതുമല്ല. എന്റെ അഭിപ്രായത്തിൽ രത്നങ്ങളാണു ലോകത്തിലെ ഏററവും വിലയേറിയ സാധനം" എന്നു മൂന്നാമതൊരുവൻ കയറി പറഞ്ഞു.

കപ്പിത്താൻ തന്റെ കപ്പലിലെ ഓരോ ജോലിക്കാരനോടും പ്രത്യേകം പ്രത്യേകം അഭിപ്രായം ചോദിക്കുകയും ഓരോരുത്തനും ഓരോതരത്തിലുള്ള ഉപദേശം നൽകുകയും ചെയ്തു.

എന്നാൽ കപ്പലിലെ വേലക്കാരനായ ഒരു ബാലൻ കപ്പിത്താനോടു് ഇങ്ങനെ പറഞ്ഞു:—

"ലോകത്തിലെ ഏററവും വിലപിടിച്ച സാധനം എന്താണെന്നു് എനിക്കറിയാം. ഞാൻ പട്ടിണി നല്ലതുപോലെ അനുഭവിച്ചിട്ടുള്ളവനാണു്. ഗോതമ്പാണു ലോകത്തിലെ വിലമതിക്കുവാൻ പാടില്ലാത്ത സാധനം."

ഈ ബാലൻ പറഞ്ഞതാണു പരമാത്ഥമെന്നു കപ്പിത്താനു തോന്നി. അയാൾ ബാൾട്ടിക്കു്സമുദ്രത്തിലേക്കു തിരിച്ചു ഡാൻസിംഗ് എന്ന പട്ടത്തിലിറങ്ങി. അവിടെനിന്നും എത്രയും നല്ല ഗോതമ്പുവാങ്ങി കപ്പൽനിറച്ചു. ഉടൻ തന്നെ കപ്പൽ സ്റ്റാവോണിലേക്കു മടങ്ങി യാത്രപുറപ്പെട്ടുകയും ചെയ്തു.

കപ്പിത്താനെ പറഞ്ഞയച്ചതിൻ ശേഷം സമ്പത്തുകൊണ്ടു മതിമറന്ന ആ സ്ത്രീ പട്ടണവാസികളെ വിളിച്ചുകൂട്ടിയിട്ടു് തന്റെ കപ്പിത്താൻ തനിക്കായി ലോകത്തിലെ ഏററവും വിലയേറിയ സാധനവുമായി തിരിച്ചുവരുമെന്നു്

അവരെ അറിയിച്ചു. അവരെല്ലാവരും ലോകത്തിലെ ഏററവും വിലയേറിയ ഈ സാധനം കാണുവാൻ അത്യാഗ്രഹത്തോടെ കാത്തിരിപ്പായി. ഏതാനും ദിവസത്തിനകം കപ്പിത്താൻ മടങ്ങിയെത്തി.

"നിങ്ങൾ എത്രവേഗം മടങ്ങി എത്തി! എനിക്കു എന്താണു കൊണ്ടുവന്നിരിക്കുന്നതു്?" എന്നു ആ സ്ത്രീ കപ്പിത്താനോടു ചോദിച്ചു.

"ലോകത്തിലെ ഏററവും നല്ല ഗോതമ്പു് ഒരു കപ്പൽനിറയെ കൊണ്ടുവന്നിട്ടുണ്ടു്" എന്നു അയാൾ തന്റെ സ്വാമിനിയെ അറിയിച്ചു.

അവർ കോപംകൊണ്ടു മതിമറന്നു് ഇങ്ങനെ പറഞ്ഞു:—"എന്തു്? ഗോതമ്പോ? സാധാരണക്കാർപോലും ഉപയോഗിക്കുന്ന കൊള്ളരുതാത്ത ഗോതമ്പോ? കഷ്ടം! ഈ പട്ടണംമുഴുവൻ ഇപ്പോൾ എന്നെ പരിഹസിക്കുമല്ലോ. നിന്റെ ഗോതമ്പുമുഴുവൻ ആ കടലിൽ തട്ടിക്കളയുക."

പട്ടിണികിടക്കുന്ന സാധുക്കൾ ഇങ്ങനെ ചെയ്യരുതെന്നു കരഞ്ഞുകൊണ്ടപേക്ഷിച്ചിട്ടും ആ ധനാഢ്യയുടെ ആജ്ഞ അനുസരിച്ചു ഗോതമ്പു മുഴുവൻ കപ്പലിൽനിന്നെടുത്തു് കടലിൽ വാരിഎറിഞ്ഞു.

ഇതുകഴിഞ്ഞു അവൾ വീട്ടിലേക്കു മടങ്ങുമ്പോൾ കപ്പിത്താനെ വഴിയിൽവച്ചുകണ്ടു. അയാൾ ഗൌരവഭാവത്തോടെ ഇങ്ങനെ പറഞ്ഞു:—"എന്തൊരു ദുഷ്കൃത്യമാണു് ഈ ചെയ്തതു്. വിശപ്പിന്റെ കാഠിന്യം അനുഭവിക്കേണ്ട ഒരുകാലം നിങ്ങൾക്കുമുണ്ടാകുകയില്ലെന്നാരറിഞ്ഞു. അ

പ്പോൾ ഈ കടലിലെറിഞ്ഞ ഗോതമ്പിൻെറകാര്യം ഓർക്കേണ്ടിവരുന്നതാണ്".”

പട്ടണത്തിലെ അതിസമ്പന്നയായ ആ സ്ത്രീ അതു കേട്ടു പൊട്ടിച്ചിരിച്ചുകൊണ്ടുപോയി. എന്നാൽ അതുകഴിഞ്ഞു് ഏതാനും ദിവസം ചെന്നപ്പോൾ ഒരു വലിയ കൊടുങ്കാററുമൂലം അവളുടെ കപ്പലുകൾ മുഴുവൻ കടലിൽ മുങ്ങിപ്പോയവിവരം ആ സമ്പന്ന അറിഞ്ഞു. കടൽക്ഷോഭംനിമിത്തം സ്റ്റാവോണിനെ സംരക്ഷിച്ചിരുന്ന വലിയ അണ പൊട്ടി, പല കപ്പലുകളും മുങ്ങി നശിച്ചു. ആ പട്ടണത്തിൻെറ കച്ചവടവും നിലച്ചു. കുറേനാളത്തേക്കു തൻെറ ആഭരണങ്ങൾ വിററു കിട്ടിയ പണംകൊണ്ടു ആ സ്ത്രീ സുഖമായി കാലം കഴിച്ചുകൂട്ടി. എന്നാൽ വസന്തകാലം വന്നപ്പോൾ അവളുടെ കയ്യിൽ ഒററക്കാശുപോലുമുണ്ടായിരുന്നില്ല. അവൾ സമ്പന്നരായ തൻെറ ബന്ധുക്കളുടെ അടുക്കൽ ചെന്നു പണത്തിനു യാചിച്ചുവെങ്കിലും ഒരു കാലത്തു് അവൾക്കുണ്ടായിരുന്ന ധിക്കാരം നല്ലതുപോലെ അറിഞ്ഞിരുന്ന ബന്ധുക്കൾ അവളെ ആട്ടിപ്പുറത്താക്കി.

ഒരു ദിവസം പ്രഭാതത്തിൽ അവൾ പഴയ തുറമുഖത്തിനരികിൽക്കൂടി നടന്നുപോകുകയായിരുന്നു. കടൽത്തീരം മുഴുവൻ പച്ചയായി കിടക്കുന്നതു അവൾ കണ്ടു. അവൾ ഇതിനുമുൻപു കടലിൽ വാരി എറിഞ്ഞ ഗോതമ്പു് കൊടുങ്കാററുകൊണ്ടു കരയ്ക്കടിയുകയും ചെളിയിൽ കിടന്നു് അതു പൊടിച്ചുവളരുകയും ചെയ്തിരുന്നു. അതാണു് അവൾ അവിടെ കണ്ടതു്.

"ഇതു വലിയ അത്ഭുതമായിരിക്കുന്നു" എന്നു് അവൾ അറിയാതെതന്നെ വിളിച്ചുപറഞ്ഞു. വിശപ്പു് എന്തെന്നു് അനുഭവിച്ചറിഞ്ഞ അവൾ കൊയ്ത്തുകാലംവരെ കാത്തിരുന്നു. കൊയ്ത്തുകാലമായപ്പോൾ ആ പട്ടണത്തിലെ സാധുക്കളായ ജനങ്ങളോടൊത്തു് അവൾ കടൽതീരത്തു ചെന്നു് ആ ധാന്യം കൊയ്തെടുത്തു. അങ്ങനെ അവൾ തന്റെ ധിക്കാരപ്രവൃത്തിയിൽ പശ്ചാത്തപിച്ചതിനാൽ ആ പട്ടണവാസികൾ വേണ്ട അഭയം നൽകി അവളെ കൂടി സംരക്ഷിച്ചു.

---

## ൯. കള്ളനെ എങ്ങനെ കണ്ടുപിടിച്ചു.

---

ഡമാസ്കസ് എന്ന നഗരത്തിൽ മുസ്തഫാ എന്നൊരു ബുദ്ധിശാലിയായ കച്ചവടക്കാരനുണ്ടായിരുന്നു. അയാളുടെ ഏകപുത്രനായ സെയ്യദിനെ തന്നെപ്പോലെ ഒരു നല്ല കച്ചവടക്കാരനായി വളർത്തിക്കൊണ്ടുവരണമെന്നു ആ പിതാവു വിചാരിച്ചു. എന്നാൽ സെയ്യദാകട്ടെ ആർമീനിയാക്കാരനായ ഒരു ചെറുപ്പക്കാരനെ വളരെ വിശ്വസിച്ചിരുന്നു. ആ ചെറുപ്പക്കാരൻ യാതൊരു സംശയവും തോന്നാത്ത വിധത്തിൽ സെയ്യദിനെ പലപ്രാവശ്യവും വഞ്ചിച്ചുപോന്നു.

ഒരുദിവസം മുസ്തഫായും സെയ്യദും ബാഗ്ദാദിലേക്കു വ്യാപാരത്തിനുപോകുവാൻ നിശ്ചയിച്ചു. "നാം ഇവിടെ

ഇല്ലാത്ത അവസരത്തിൽ എൻെറ പണമെല്ലാം ആരെ ഏല്പിക്കാം" എന്ന മുസ്തഫാ അയാളുടെ പുത്രനോടു ചോദിച്ചു. "എൻെറ ആർമീനിയൻസ്നേഹിതനെ ഏൽപിക്കാം. ഡമാസ്കസ്സിൽ അയാളെപ്പോലെ വിശ്വസ്തനായി മററാരുമില്ല" എന്നായിരുന്നു സെയ്യിദിൻെറ മറുപടി. "ആകട്ടെ, നിൻെറ വാക്കു ഞാൻ ഇപ്പോൾ വിശ്വസിക്കാം" എന്നു പറഞ്ഞു മുസ്തഫാ ഒരു വലിയ ഇരുമ്പുപെട്ടി ആ ആർമീനിയാക്കാരനെ ഏൽപ്പിച്ചു. അതുകഴിഞ്ഞു അയാൾ പുത്രനോടുകൂടി ബാഗ്ദാദിലേക്കു തിരിച്ചു. അവിടെ വ്യാപാരം നടത്തി ഒട്ടുവളരെ ധനം സമ്പാദിച്ചതിൽപിന്നെയാണ് അവർ ഡമാസ്കസ്സിൽ മടങ്ങി എത്തിയതു്.

"ഇനിയും നിൻെറ സ്നേഹിതൻെറ അടുക്കൽപോയി എൻെറ ഇരുമ്പുപെട്ടി എടുപ്പിച്ചുകൊണ്ടുവരിക" എന്നു മുസ്തഫാ സെയ്യിദിനോടു പറഞ്ഞു. സെയ്യിദ് ആർമീനിയാക്കാരൻെറ അടുക്കൽപോയി; അനന്തരം കോപിച്ചുകൊണ്ടു് പിതാവിൻെറ അരികിലെത്തി ഇങ്ങനെ പറഞ്ഞു. "അച്ഛ! അങ്ങു് എൻെറ സ്നേഹിതനെ ആക്ഷേപിക്കുകയാണുചെയ്തതു്. അയാളെ സൂക്ഷിക്കുവാൻ ഏൽപ്പിച്ചതു് ഏതാനും കല്ലുകഷണങ്ങൾമാത്രമാണെന്നു് അയാൾ പറയുന്നു"

"അതുകൊള്ളാം. ഉറച്ച ആ ഇരുമ്പുപെട്ടിയിൽ വെറും കല്ലുകഷണങ്ങൾ മാത്രമെയുണ്ടായിരുന്നുള്ളുവെന്നു നിൻെറ സത്യവാനായ സ്നേഹിതൻ എങ്ങനെയാണറിഞ്ഞതു്? അതിൽനിന്നും അവൻ ആ പെട്ടിയുടെ മൂന്നുപൂട്ടുകളും തല്ലിപ്പൊളിച്ചു് പെട്ടി തുറന്നുനോക്കിയിട്ടുണ്ടെന്നു മനസ്സി

ലാകുന്നതാണ്. ഇത്തരം സ്വഭാവമുള്ള ഒരുവൻെറ കൈവശം വിലയുള്ളതൊന്നും ഞാൻ സൂക്ഷിക്കുവാൻ ഏൽപ്പിക്കാതിരുന്നതു നന്നായി എന്നു നീയും സമ്മതിക്കുന്നതാണല്ലോ" എന്നു മുസ്തഫാ മറുപടിപറഞ്ഞു.

സെയ്യദ് തലതാഴ്ത്തി. അതിൻശേഷം സ്നേഹിതന്മാരെ തിരഞ്ഞെടുക്കുന്നതിൽ അയാൾ വളരെ സൂക്ഷിച്ചിരുന്നു.

---

## ൪. വില്യം ടെല്ലും ആപ്പിളും.

---

സ്വിററ്സർലൻറിലെ വിശാലമായ ചന്തസ്ഥലത്തുകൂടി ഒരുദിവസം അതിരാവിലെ ആരെയും ആകർഷിക്കുന്ന തേജസ്സും ഓജസ്സും നിറഞ്ഞ ഒരാൾ നടന്നുപോകുകയായിരുന്നു. നല്ല കിളരവും, വിരിഞ്ഞ മാറും ഉള്ള ആ മനുഷ്യൻ ആത്മാഭിമാനത്തെ പ്രകാശിപ്പിക്കുന്ന ഒരു മുഖഭാവത്തോടെയാണു പോയതു്. അദ്ദേഹം ഇങ്ങനെ മുന്നോട്ടുപോയപ്പോൾ പലരും തിരിഞ്ഞുനിന്നു് "ഇദ്ദേഹമാണു് വില്ലാളിവീരനായ വില്യംടെൽ" എന്നു താഴ്ന്നസ്വരത്തിൽ പറഞ്ഞു.

സ്വിററ്സർലണ്ടിലെ ഒന്നാമത്തെ വില്ലാളിവീരനായ വില്യംടെൽ മലംപ്രദേശങ്ങളിൽ കൃഷിചെയ്തും വേട്ടയാടിയും ആണു ജീവിച്ചുവന്നതു്. സ്വന്തം പരിശ്രമത്താൽ കുടുംബത്തെപ്പോററിവന്ന അദ്ദേഹത്തിൻെറ മുഖത്തു എന്തെ

ന്നില്ലാത്ത ഒരു സംതൃപ്തി എപ്പോഴും കളിയാളിക്കൊണ്ടിരു ന്നു. താൻ വേട്ടയാടിയ ഏതാനും മൃഗങ്ങളുടെ തോൽ ചന്തയിൽ വിററിട്ട് ടെൽ കുറെ കമ്പിളിവസ്ത്രങ്ങൾ വാങ്ങുന്നതിനായി പോകുകയായിരുന്നു. സന്തോഷംനിറഞ്ഞ ഹൃദയത്തോടെ മൂളിപ്പാട്ടുംപാടി അദ്ദേഹം മുന്നോട്ടുപോയപ്പോൾ ആരോ പിന്നിൽക്കൂടിവന്ന് പെട്ടെന്ന് തന്റെ ഭുജത്തിൽ പിടിച്ചതായി അദ്ദേഹത്തിനുതോന്നി. തിരിഞ്ഞു നോക്കിയപ്പോൾ ആസ്ത്രിയൻപട്ടാളത്തിലെ ഒരു ഭടൻ തന്നെ കയറിപ്പിടിച്ചിരിക്കുന്നുവെന്ന് അദ്ദേഹത്തിനു ബോദ്ധ്യമായി. ഉടൻതന്നെ ഏതാനും പട്ടാളക്കാർ അദ്ദേഹത്തെ വന്നു വളയുകയും ചെയ്തു. അദ്ദേഹത്തിന്റെ കൈക്കു പിടിച്ച ആ പട്ടാളക്കാരൻ അടുത്തുള്ള ഒരു തൂണിന്റെ മുകൾഭാഗത്തു വച്ചിരുന്ന തൊപ്പി ചൂണ്ടിക്കാട്ടിക്കൊണ്ടു ഇങ്ങനെ പറഞ്ഞു.

"ആ തൊപ്പിയെ താഴ്ന്നുവന്ദിക്കാതെപോകുന്നവക്കു മരണമാണ്. അതു നിങ്ങൾക്കറിയാമല്ലൊ."

അപ്പോഴേക്കും ചന്തയിലെ കച്ചവടക്കാർതുടങ്ങി പലരും അവരുടെ ചുററിനും വന്നുകൂടിയിരുന്നു. വില്യം ടെല്ലാകട്ടെ ആ തൂണും ആ തൊപ്പിയും നോക്കിയിട്ട് സമാധാനചിത്തനായി ഇങ്ങനെ പറഞ്ഞു:

"ഞാൻ നിയമരഹിതമായി യാതൊന്നും ചെയ്തില്ലല്ലൊ."

"നിങ്ങൾ ഇവിടത്തെ ഭരണാധികാരിയായ പ്രഭുവിനെ അപമാനിച്ചിരിക്കുന്നു" എന്നു ഭടൻ ഗൗരവമായി പറഞ്ഞു. വില്യംടെൽ സമാധാനം കൈവെടിയാതെ ശാ

ന്തവും എന്നാൽ ദൃഢവുംആയ സ്വരത്തിൽ ഇങ്ങനെചോദി ച്ചു:—"എന്തു്, ഒരു വെറും തൂണിക്കഷ്ണത്തോടൊ, ഒരു വെറും മരക്കഷ്ണത്തോടൊ ഒരു മനുഷ്യൻ ബഹുമാനം കാണിക്കുന്നതിൽ കൂട്ടതലായി ഒരു തൊപ്പിയോട്ട് എന്തു ബഹുമാനം കാണിക്കുവാനാണ്?"

ഇത്രയുംസംഭാഷണം അവിടെ നടന്നപ്പോഴേക്കു് ഒരിക്കൽ സ്വതന്ത്രമായിരുന്ന സ്വിററ്സർലൻറ്രാജ്യത്തെ പിടിച്ചടക്കി ഭരണംനടത്തുന്ന ആസ്ത്രീയായിലെ ഭരണാധികാരിയുടെ പ്രതിപുരുഷനായ പ്രഭു അവിടെ പ്രത്യക്ഷനായി. ആ പ്രഭുവാകട്ടെ തൻെറ ഭരണത്തിനെതിരായിനിന്നവരെ സകലരെയും ഒന്നുകിൽ കൊലചെയ്യുകയൊ അല്ലെങ്കിൽ ജയിലിലടയ്ക്കുകയൊ ചെയ്തിരുന്നു. അയാളാണു തൻെറ തൊപ്പി ചന്തസ്ഥലത്തുള്ള ആ തൂണിൻെറ മുകളിൽ വച്ചിട്ടു് അതിൻെറ മുൻപിൽ തലകുനിക്കാത്തവരെയെല്ലാം വധിക്കണമെന്നു വിധിച്ചിരുന്നതു്. വില്യംടെൽ ആ പ്രഭുവിൻെറ മുഖത്തു തുറിച്ചുനോക്കി. മലകളിൽ വേട്ടയാടി സ്വതന്ത്ര ജീവിതം നയിച്ചിരുന്ന ടെൽ ആരേയും ഭയപ്പെട്ടിരുന്നില്ല. അദ്ദേഹത്തിൻെറ അഭിമാനബോധത്തെ ആക്കുംതന്നെ നശിപ്പിക്കുവാനും സാദ്ധ്യമായിരുന്നില്ല. മലകളുടെ മുകളിൽ താമസിക്കുന്നേ തൻെറ ചങ്ങാതിമാരെ ഒന്നിച്ചു വിളിച്ചുകൂട്ടി തങ്ങളുടെ രാജ്യത്തെ ഈ അപമാനത്തിൽനിന്നും രക്ഷിക്കുവാനുള്ള മാർഗ്ഗങ്ങളെപ്പററി അദ്ദേഹം ആലോചിച്ചിരുന്നു. അതിനാൽ താൻ വെറുക്കുന്ന ഒരു ഭരണാധികാരിയുടെ മുൻപിൽ ഒരിക്കലും തലകുനിക്കുന്നതല്ലെന്നുതന്നെ വില്യംടെല്ലും നിശ്ചയിച്ചു.

"അപ്പോൾ നിങ്ങൾ രാജചിഹ്നത്തെ അപമാനിക്കുവാൻതന്നെ നിശ്ചയിച്ചുവോ?" എന്നു പ്രഭു ചോദിച്ചു.

ആ അവസരത്തിൽ ജനക്കൂട്ടത്തിനിടയിൽനിന്നു് "അച്ഛ! അച്ഛ!" എന്നു് ഒരു വിളി കേട്ടു. ജനക്കൂട്ടം ആ വിളികേട്ട സ്ഥലത്തേക്കു തിരിഞ്ഞുനോക്കി. അതു വില്യം ടെല്ലിൻെറ മകനായിരുന്നു. വീട്ടിലെ അനുവാദംകൂടാതെ ചന്തയിലേക്കുതിരിച്ച ആ ബാലൻ തൻെറ പിതാവിൻെറ അരികിലേക്കു പാഞ്ഞുചെല്ലുന്ന കാഴ്ചയാണു് അവർ കണ്ടതു്. പ്രഭു ആ ബാലൻെറ കയ്യക്കു് കടന്നുപിടിച്ചുകൊണ്ടു് ഇങ്ങനെ ചോദിച്ചു:—"ഇതാണോ ഈ ധീരനായ രാജദ്രോഹിയുടെ പുത്രൻ".

"അവനെ ഉപദ്രവിക്കരുതു്. അവൻ എൻെറ മൂത്ത മകനാണു" എന്നു ടെൽ പ്രഭുവിനോടു പറഞ്ഞു.

"ഇല്ല ഞാൻ അവനെ ഉപദ്രവിക്കുകയില്ല. അവനു് എന്തെങ്കിലും ആപത്തുണ്ടാകുന്നുവെങ്കിൽ അതു നിങ്ങളുടെ കയ്യിൽനിന്നുമായിരിക്കും" എന്നു പറഞ്ഞുകഴിഞ്ഞപ്പോഴേക്കു് ആ പ്രഭുവിൻെറ മുഖത്തു ഭയങ്കരമായ ഒരു പുഞ്ചിരി വ്യാപിച്ചുകഴിഞ്ഞിരുന്നു. അയാൾ ഇങ്ങനെ തുടൎന്നുപറഞ്ഞു:—"അവനെ പിടിച്ചുകൊണ്ടുപോയി ആ വൃക്ഷത്തിൽകെട്ടിയിട്ടു് അവൻെറ തലയിൽ ഒരു ആപ്പിൾപഴം വയ്ക്കുക."

"ഇതു് എന്തിനാണു്?" എന്നു വില്യം ടെൽ ചോദിച്ചു.

ഗവൎണ്ണർ ഇങ്ങനെ മറുപടിപറഞ്ഞു:—"നിങ്ങളാണു ഈ രാജ്യത്തെ എത്രയും സമൎത്ഥനായ വില്ലാളിവീരനെന്നാ

കുന്നു ജനങ്ങരം പറയുന്നതു്. നിങ്ങളുടെ സാമത്ഥ്യംകാണി ക്കുവാൻ ഞാൻ ഒരു അവസരംതരാം. ജീവിതം പണയപ്പെ ടുത്തിയാണു നിങ്ങരം ഇവിടെ നില്ക്കുന്നതു്. എന്നാൽ ഇ പ്പോരം ഞാൻ നിങ്ങളോടു ദയകാണിക്കുവാൻ നിശ്ചയിച്ചി രിക്കുന്നു. നിങ്ങളുടെ ജീവിതം രക്ഷിക്കുവാൻ ഒരു അവസ രം തരാം. ഞാൻ പറയുന്നതു കേരക്കുക. അകലെയുള്ള ആ മരത്തോടു ചേർത്തുകെട്ടിയിരിക്കുന്ന നിങ്ങളുടെ മൂത്തമക ന്റെ തലയിൽ വച്ചിരിക്കുന്ന ആപ്പിരംപഴം ഇവിടെനിന്നു എയ്തു രണ്ടായിപിളക്കാമെങ്കിൽ നിങ്ങരംക്കു ജീവനോടുകൂടി പോകാം. നേരേമറിച്ചു നിങ്ങളുടെ അമ്പു് ആപ്പിളിൽ തൊടാതിരിക്കുകയോ, അല്ലെങ്കിൽ നിങ്ങളുടെ മകനെ കൊ ല്ലുകയോ ചെയ്താൽ നിങ്ങളെയും ഞാൻ ഈ സ്ഥലത്തുവച്ചു കൊലചെയ്യും."

"നിങ്ങരം മനുഷ്യനല്ലയോ" എന്നു ടെൽ വിളിച്ചുചോ ദിച്ചു. അയാരം ഇങ്ങനെ തുടന്നു: —"എന്റെ ജീവൻരക്ഷി ക്കുവാൻ ഞാൻ എന്റെ ബാലനെ അപായപ്പെടുത്തുമെന്നു നിങ്ങരം വിചാരിക്കുന്നുവോ?"

ആ പ്രഭു ഇങ്ങനെയാണു് അതിനു മറുപടിപറഞ്ഞ തു്: —"ഞാൻ നിങ്ങളോടു ദയകാണിക്കുകയാണു ചെയ്യുന്ന തു്. ഒരുപക്ഷേ ഭാഗ്യമുണ്ടെങ്കിൽ നിങ്ങരംക്കു ജീവൻ രക്ഷി ച്ചുകൊണ്ടു വീട്ടിലേക്കു മടങ്ങാം".

ടെൽ തന്റെ കൈകരം ആകാശത്തോട്ടു് ഉയത്തി ക്കൊണ്ടു" വിറയ്ക്കുന്നസ്വരത്തിൽ ഇങ്ങനെ പറഞ്ഞു:— "ഹാ! ദൈവമേ! പുത്രനെ സ്നേഹിക്കുന്ന ഒരു പിതാവിനു് ചലനമുണ്ടാകാത്തവിധത്തിൽ ഉന്നംനോക്കി അമ്പെയ്യുക

വാൻ എങ്ങനെ സാധിക്കും? ആ ബാലനെ നോക്കുക! അവൻെറ മുഖം എത്ര ദിവ്യമായ സൗന്ദര്യത്താൽ പ്രകാശിക്കുന്നു. ആ ജീവനെയാണോ ഞാൻ ആപത്തിലപ്പെടുത്തുവാൻ പോകുന്നതു്?"

പ്രഭു, പരിഹാസവും ക്രൂരതയുംനിറഞ്ഞ മുഖഭാവത്തോടെ ചിരിച്ചുകൊണ്ടിരുന്നു. അയാൾ ഇങ്ങനെ ചോദിച്ചു:—"നീ എൻെറ ആജ്ഞ അനുസരിക്കുന്നുവോ മരിക്കുന്നുവോ?"

"എന്നാൽ ഞാൻ മരിക്കാം" എന്നായിരുന്നു പുത്രവാത്സല്യം നിറഞ്ഞ ടെല്ലിൻെറ ഹൃദയത്തിൽനിന്നും പൊട്ടിപ്പുറപ്പെട്ട മറുപടി.

"എന്നാൽ ആ ബാലൻെറ തല ഇവൻെറ മുൻപിൽ വച്ചു ഞെരിച്ചു് ആദ്യമായി അവനെ കൊല്ലുക" എന്നായിരുന്നു ഇതുകേട്ടപ്പോൾ മദാന്ധനായ പ്രഭു കല്പിച്ചതു്. അഭിമാനിയായ വില്യം ടെല്ലിൻെറ ഹൃദയം വല്ലാതെക്ഷോഭിച്ചു. അയാൾ ഇങ്ങനെ പറഞ്ഞു:—"എനിക്കു അമ്പും വില്ലും തരിക- ഒരു ദയമാത്രം എന്നോടു കാണിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ആ കുട്ടിയുടെ മുഖം എൻെറനേരെ തിരിച്ചുവയ്ക്കാതെ മറുപുറത്തേക്കു തിരിച്ചുവയ്ക്കുക. അവൻെറ ഓമനമുഖം കാണാതെ സ്ഥിരചിത്തത്തോടെ എയ്യുവാൻ എനിക്കു സാധിക്കട്ടെ."

അവിടെ തിങ്ങിക്കൂടിയിരുന്ന ജനക്കൂട്ടത്തെ ഭടന്മാർ രണ്ടുവശത്തോട്ടും ഒതുക്കിനിർത്തി. പിതാവും പുത്രനും മുന്നോട്ടു നടന്നുവന്നു. നിരവധി ജനങ്ങൾ ഈ കാഴ്ചകാണുവാൻ അവിടെ കൂടിയിരുന്നു. ആ ബാലനെ മരത്തിൽ

തിരിച്ചുനിർത്തി ബന്ധിച്ചു. അവന്റെ തലയിൽ ഒരു ഭടൻ ഒരു ആപ്പിൾപഴവും കൊണ്ടുപോയിവച്ചു. ജനങ്ങൾ നിശ്ശബ്ദരായി. ഒരു ഇലവീണാൽ അതിന്റെ ശബ്ദംപോലും അപ്പോൾ കേൾക്കാമായിരുന്നു. വില്യം ടെൽ രണ്ട് അമ്പെടുത്തു; ഒന്ന് അദ്ദേഹം വസ്ത്രങ്ങൾക്കിടയിൽ മറച്ചുവച്ചു. മററൊന്നെടുത്തു വില്ലിൽ തൊടുത്തി അദ്ദേഹം അല്പനേരം പ്രാർത്ഥിച്ചുകൊണ്ടു നിന്നു. എന്തുവന്നാലും സാരമാക്കാത്ത ഒരു മുഖഭാവമാണ് അതിനുശേഷം അദ്ദേഹത്തിനുണ്ടായിരുന്നതു്. വില്ലെടുത്തുനീട്ടി ടെൽ ഒരു അമ്പു വലിച്ചുവിട്ടു. ജനങ്ങൾ ഉൽക്കണ്ഠയോടെ അതിന്റെ ഫലം പ്രതീക്ഷിച്ചുനിന്നു. ആപ്പിൾ രണ്ടായി പിളൎന്നുവീണതും അമ്പുചെന്നുവൃക്ഷത്തിൽ തറച്ചുകയറിയതും ഒരു ഞൊടിക്കുള്ളിൽ കഴിഞ്ഞു. ജനങ്ങൾ അത്യാഹ്ളാദത്തോടെ ആർത്തുവിളിച്ചു. ആ പ്രഭു ടെല്ലിനോടു തിരിഞ്ഞു് ഇങ്ങനെ പറഞ്ഞു:—“രാജദ്രോഹി! നീ ഒരു വില്ലാളിവീരൻതന്നെ. എന്നാൽ നീ എന്തിനാണു രണ്ട് അമ്പ് എടുത്തതെന്നു പറയുക”. തന്റെ വസ്ത്രത്തിൽ മറച്ചുവച്ചിരുന്ന രണ്ടാമത്തെ അമ്പിൽ കയ്‌വച്ചുകൊണ്ടു ടെൽ ഇങ്ങനെ പറഞ്ഞു:—“ആദ്യത്തെ ശരം എന്റെ മകന്റെ ദേഹത്തു തറച്ചിരുന്നുവെങ്കിൽ ഇതു നിങ്ങളുടെ ഹൃദയം പിളൎന്നുകൊണ്ടു പോകുമായിരുന്നു.” പ്രഭു ഇതിനു ഇങ്ങനെയാണു മറുപടിപറഞ്ഞതു്:—“ഹാ! ഹാ! അപ്പോൾ എന്റെ ജീവിതം ആപത്തിലായിരുന്നു; അല്ലയൊ? ഏതായാലും നിന്നെ കൊല്ലുകയില്ലെന്നു ഞാൻചെയ്ത പ്രതിജ്ഞയെ നിറവേററാം. എന്റെ തടവുമുറിയിൽ നീ കിടന്നാൽ ഇനിമേലാൽ എനിക്കു

നിൻെറ ശരത്തെ ഭയപ്പെടേണ്ടിവരികയില്ലല്ലോ." ഇത്രയും പറഞ്ഞുകഴിഞ്ഞ ഉടൻതന്നെ ഭടന്മാർ വില്യം ടെല്ലിനെ വീണ്ടും പിടികൂടി. പ്രഭുവിൻെറ ജയിലുകൾ ഒരു നദിയുടെ അക്കരെയാണു് സ്ഥിതിചെയ്തിരുന്നതു്. ജനക്കൂട്ടം വീണ്ടും നിരാശപ്പെട്ടു വില്യംടെല്ലിനെ നദിയുടെ അക്കരകടത്തി ജയിലിലടയ്ക്കുന്നതിനായി പ്രഭുവും ഭടന്മാരും തയ്യാറായി. അവക്കു അക്കരെകടക്കുന്നതിനു വള്ളവും എത്തി. അവർ വള്ളത്തിൽ കയറിത്തിരിച്ചു.

വള്ളം നദിയുടെ നടുവിലെത്തിയപ്പോൾ വലിയ കാററും പിശറുമുണ്ടായി; പ്രഭുവിൻെറ ആളുകൾക്കു വള്ളം മുന്നോട്ടു കൊണ്ടുപോകുവാൻ നിവൃത്തിയില്ലെന്നായി. സകലരും ആ നദിയിൽ മുങ്ങി മരിക്കുമെന്നാണു വിചാരിച്ചതു്. അപ്പോഴാണു വില്യം ടെൽ തണ്ടുപിടിക്കുന്നതിൽ അതിസമത്ഥനാണെന്നു അവർ ഓത്തതു്. പ്രഭുവിൻെറ അനുവാദത്തോടെ അവർ ടെല്ലിൻെറ കൈകാലുകൾ കെട്ടിയിരുന്ന കയറുകൾ അഴിക്കുകയും അദ്ദേഹത്തോടു വള്ളം വല്ലവിധത്തിലും മറുകരയിൽ എത്തിക്കണമെന്നപേക്ഷിക്കുകയുംചെയ്തു അദ്ദേഹം തണ്ടുപിടിച്ചു വള്ളം ശരിക്കു മറുകരയിലേക്കു നയിച്ചു. ആ അവസരത്തിൽ ടെൽ ആ പ്രഭുവിനെപ്പററിയോ ഭടന്മാരെപ്പററിയോ അല്ല ആലോചിച്ചിരുന്നതു്. തൻെറയും സ്വിററ്സർലൻറിൻെറയും സ്വാതന്ത്ര്യത്തെപ്പററിയാണു് അദ്ദേഹം ചിന്തിച്ചതു്. നദിയിലേക്കു ഉന്തിനിന്ന ഒരു പാറയുടെ സമീപത്തു അദ്ദേഹം വള്ളം അടുപ്പിച്ചു അതിൽനിന്നും പാറപ്പുറത്തു എടുത്തുചാടി. പ്രഭുവും പട്ടാളക്കാരും വള്ളത്തിൽതന്നെ ഭയത്തോടെ ഇരുന്നതേയുള്ളു.

ടെൽ വേഗത്തിൽ പാറയുടെ മുകളിൽ കയറി മറുപുറത്തിറങ്ങി ഒരു കുററിക്കാട്ടിൽ ഒളിച്ചിരുന്നു. പ്രഭുവും ഭടന്മാരും രക്ഷപ്പെട്ടാൽ അവക്കു അതുവഴി വരാതെ നിവൃത്തിയില്ലെന്നു അദ്ദേഹത്തിനറിയാമായിരുന്നു. ഇങ്ങനെ പലതും വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ ഏതാനും പേർ അതിലെ നടന്നുവരുന്ന ശബ്ദം കേട്ടു. പ്രഭു ഇങ്ങനെ പറഞ്ഞുകൊണ്ടാണു നടന്നതു്: "ഞാൻ തലസ്ഥാനനഗരത്തിൽ മടങ്ങി എത്തുന്നപക്ഷം ഈ വില്യം ടെല്ലിനെയും അവൻെറ കുടുംബത്തിലെ സകലരെയും പട്ടാളക്കാരെക്കൊണ്ടു പിടിപ്പിച്ചു കൊല്ലുന്നുണ്ടു്."

"നീ ഒരിക്കലും തലസ്ഥാനത്തേക്കു മടങ്ങേണ്ട" എന്നു പറഞ്ഞുകൊണ്ടു ടെൽ ഒരു അമ്പു എയ്തു. ആ പ്രഭു അവിടെത്തന്നെ മരിച്ചുവീഴുന്നതും കണ്ടു.

അതു കഴിഞ്ഞ ഉടൻതന്നെ വില്യംടെൽ സ്വിററ്സർലൻറുകാരെ സംഘടിപ്പിച്ചു ആസ്ത്രിയാക്കാരോടു നേത്തു. ആസ്ത്രിയാക്കാരിൽനിന്നും സ്വിററ്സർലൻറു് സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്തു അവിടത്തെ ജനങ്ങൾ ടെല്ലിനെ രാജാവായി അഭിഷേകം ചെയ്യാമെന്നു പറഞ്ഞു. എന്നാൽ മലംപ്രദേശത്തെ ജീവിതമാണു് തനിക്കു ഇഷ്ടമെന്നു പറഞ്ഞു് അദ്ദേഹം പഴയ വാസസ്ഥലത്തേക്കു മടങ്ങുകയാണു ചെയ്തതു്.

## ൫. വിശ്വസ്തനായ സേവകനെ കണ്ടുപിടിച്ചു.

ഒരിക്കൽ ഒരു സുൽത്താനു തന്റെ രാജ്യത്തിലെ കരം പിരിക്കുന്നതിനു വിശ്വസ്തനായ ഒരു ഉദ്യോഗസ്ഥനെ ആവശ്യമുണ്ടായിരുന്നു. ഈ ഉദ്യോഗത്തിനു ആളിനെ ആവശ്യമുണ്ടെന്നുള്ള വിവരം സകല ഇടത്തും പരസ്യം ചെയ്തിട്ട് അപേക്ഷകന്മാരെ കൊട്ടാരത്തിലേക്കു ക്ഷണിച്ചു വരുത്തുവാൻ സുൽത്താന്റെ ഉപദേഷ്ടാവ് അദ്ദേഹത്തോടാവശ്യപ്പെട്ടു. എല്ലാവരും വന്നുചേർന്നതിനുശേഷം അവരോടു നൃത്തം ചെയ്യുവാൻ പറഞ്ഞാൽ, താൻ വിശ്വസ്തനായ ഉദ്യോഗസ്ഥനെ കാണിച്ചുതരാമെന്നും ആ ഉപദേഷ്ടാവ് ഏററിരുന്നു

അപേക്ഷകന്മാർ എല്ലാം കൊട്ടാരത്തിൽ വന്നുചേർന്നു അവർ ഓരോരുത്തരായി ഒരു ഇരുട്ടറയിൽ കൂടി കടന്നു സുൽത്താനിരിക്കുന്ന സ്ഥലത്തേക്കു ചെല്ലണമെന്നാവശ്യപ്പെട്ടു. അവരെല്ലാവരും സുൽത്താന്റെ സിംഹാസനത്തിനു ചുററും വന്നുചേർന്നപ്പോൾ സുൽത്താൻ അവരോടായി ഇങ്ങനെ പറഞ്ഞു:– "നിങ്ങളെല്ലാവരും ഒരു നൃത്തം ചെയ്തു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു." എന്നാൽ അവിടെ കൂടിയിരുന്നവരിൽ ഒരാളൊഴികെ മററാരുംതന്നെ അതിനു തയ്യാറായില്ല. നൃത്താചെയ്യുവാൻ തയ്യാറായ ആ ആളെ ചൂണ്ടിക്കാണിച്ചുകൊണ്ടു ഉപദേഷ്ടാവ് ഇങ്ങനെ പറഞ്ഞു:—"അയാളാണു വിശ്വസ്തൻ."

ഈ അപേക്ഷകന്മാരെല്ലാം കടന്നുവന്ന മുറിയിൽ ബുദ്ധിമാനായ ഉപദേഷ്ടാവു സ്വർണ്ണനാണയങ്ങൾ ചാക്കുകൾ നിറയെ കൂട്ടിയിരുന്നു. സത്യനിഷ്ഠയില്ലാത്തവരെല്ലാവരും അതിലെ കടന്നുവന്നപ്പോൾ അവരുടെ കീശകൾ നിറയെ സ്വർണ്ണനാണയങ്ങൾ വാരിനിറച്ചു. നൃത്തം ചെയ്തിരുന്നുവെങ്കിൽ അവരുടെ കീശകൾക്കുള്ളിലുള്ള നാണയങ്ങൾ ഉറക്കെ കിലുങ്ങുമായിരുന്നു. അതാണു് അവർ നൃത്തം ചെയ്യുവാൻ വിസമ്മതിച്ചതു്.

---

## ൯. ഡിക്കു്വിററിംഗ്ടനും പൂച്ചയും.

---

നാട്ടിൻപുറത്തു് താമസിച്ചിരുന്ന ഡിക്കു്വിററിംഗ്ടൻെറ മാതാപിതാക്കന്മാർ അവൻെറ ചെറുപ്പകാലത്തുതന്നെ മരിച്ചുപോയതിനാൽ ദരിദ്രനായ ആ ബാലൻ ജീവിതമാർഗ്ഗം അന്വേഷിച്ചു ലണ്ടൻനഗരത്തിൽ വന്നുചേൎന്നു. അവൻെറ ഒററക്കൂട്ടുകാരൻ അവൻെറ പൂച്ചയായിരുന്നു. അതു അവൻെറ നല്ല ഒരു കൂട്ടുകാരനുമായിരുന്നു. ലണ്ടൻനഗരിയിലെ നിരത്തുകൾ സ്വർണ്ണം പൂശിയതായിരിക്കുമെന്നു സ്വപ്നംകണ്ടുകൊണ്ടാണു ഡിക്കു്വിററിംഗ്ടൻ ഇറങ്ങിത്തിരിച്ചതു്. എന്നാൽ അവിടത്തെ നിരത്തുകൾ കല്ലുനിറ

ഞ്ഞതാണെന്ന് അവന്ന അനുഭവപ്പെട്ടു. ഈ കല്ലനിറഞ്ഞ നിരത്തുകളിൽ തന്റെ പൂച്ചയെയും അടുത്തുവച്ചുകൊണ്ടു അവർ പല രാത്രികൾ കിടന്നുറങ്ങുകയുണ്ടായി. ഒടുവിൽ ഒരു വലിയ കച്ചവടക്കാരന്റെ വീട്ടിലെ ഭൃത്യജോലി ഡിക്കിന്നു ലഭിച്ചു. എന്നാൽ അവിടുത്തെ അരിവയ്പുകാരി അവനെ എപ്പോഴും അടിക്കുകയും ഉപദ്രവിക്കുകയും ചെയ്തിരുന്നു. എലികൾനിറഞ്ഞ കാററും വെളിച്ചവുമില്ലാത്ത ഒരു മുറിയിലാണു ഡിക്കിന്നു കിടന്നുറങ്ങേണ്ടിയിരുന്നതു്. എന്നാൽ ഡിക്കിന്റെ പൂച്ച ഈ എലികളെയെല്ലാം വേഗം നശിപ്പിച്ചു.

ഡിക്കിന്റെ യജമാനൻ വിദേശരാജ്യങ്ങളുമായി കച്ചവടം നടത്തിയിരുന്ന ഒരു വലിയ കച്ചവടക്കാരനായിരുന്നു അയാൾ ഇംഗ്ലണ്ടിൽനിന്നും സാമാനങ്ങൾ തന്റെ കപ്പലിൽ നിറച്ചു വിദേശങ്ങളിൽ കൊണ്ടുപോയി കച്ചവടം നടത്തി വലുതായ ലാഭമുണ്ടാക്കിയിരുന്നു. ദയാലുവായ അയാൾ തന്റെ ഭൃത്യന്മാക്കു എന്തെങ്കിലും സാമാനങ്ങൾ വിദേശങ്ങളിൽ കൊണ്ടുപോയി വില്ക്കുവാനുണ്ടെങ്കിൽ അവയും തന്റെ കപ്പലിൽകയററിക്കൊണ്ടു പോകുക പതിവായിരുന്നു. ഒരുദിവസം അയാൾ കപ്പലിൽ സാമാനം കയററിക്കൊണ്ടിരുന്നഅവസരത്തിൽ അയാളുടെപുത്രി ഡിക്കിന്റെ അടുക്കൽ ഓടിഎത്തി ഇങ്ങനെ ചോദിച്ചു:—"നീ എന്താണു് വില്പനയ്ക്കായി അയയ്ക്കുവാൻ പോകുന്നതു്?"

"എനിക്കു എന്റെ പൂച്ചമാത്രമേയുള്ളു" എന്നായിരുന്നു ഡിക്കിന്റെ മറുപടി.

"ശരി! നീ നിൻെറ പൂച്ചയെയും കപ്പലിലയയ്ക്കുക" എന്നു ആ കച്ചവടക്കാരൻെറ പുത്രി പറഞ്ഞു

അവളെ പ്രസാദിപ്പിക്കുവാനായി ഡിക്ക് തൻെറ പൂച്ചയെക്കൂടി കപ്പലിൽ കൊടുത്തയച്ചു. എന്നാൽ പൂച്ച തന്നെ വിട്ടുപിരിഞ്ഞതിനുശേഷം ഡിക്കിനു അശേഷം സുഖം തോന്നിയില്ല അവൻെറ ശയനമുറിയിൽ എലികൾ വീണ്ടും ആക്രമണം നടത്തി. അതിനിടയിൽ ആ അരിവയ്പുകാരിയുടെ മർദ്ദനവും വർദ്ധിച്ചുവന്നു. ഒരുദിവസം രാവിലെ അവൾ ഡിക്കിനെ കണക്കില്ലാതെ പ്രഹരിച്ചു. അവൻ അതു സഹിക്കാതെ തൻെറ സാമാനങ്ങളെല്ലാം ഒരു ഭാണ്ഡമായി കെട്ടി കച്ചവടക്കാരൻെറ വീട്ടിൽനിന്നും ഇറങ്ങിപ്പുറപ്പെട്ടു. നാട്ടിൻപുറത്തുള്ള തൻെറ വീട്ടിലേക്കു മടങ്ങിച്ചെല്ലണമെന്നാണു അവൻ വിചാരിച്ചതു"! അവൻ ദുർഘടമായ പലവഴികളും നടന്നു. പലപ്പോഴും വിശപ്പും ദാഹവും സഹിക്കവഹിയാതെ അവൻ പാറകളുടെ പുറത്തു കിടന്നുറങ്ങിയിട്ടുണ്ടു്. അവൻെറ ചുററും വന്നിരുന്ന ചില ച്ചുകൊണ്ടിരുന്ന പക്ഷികൾ "ഡിക്കു്വററിംഗ്ടൺ ഒരിക്കൽ ലണ്ടനിലെ മേയറാകും" എന്നാണു പറയുന്നതെന്നു് അവനു തോന്നി. ഡിക്കിനു കച്ചവടക്കാരൻെറ വീടുവിട്ടു പോന്നതിനാൽ വ്യസനം തോന്നിത്തുടങ്ങി. പട്ടിണിയുടെ പീഡ അനുഭവിച്ചപ്പോഴാണു് പ്രഹരമേററുകൊണ്ടായാലും വയറുനിറയെ എങ്ങനെഎങ്കിലും ആഹാരം ലഭിച്ചാൽ അതുതന്നെ ഒരു വലിയ അനുഗ്രഹമാണെന്നു അവനു തോന്നിത്തുടങ്ങിയതു്. അവൻ കച്ചവടക്കാരൻെറ വീട്ടിലേക്കു മടങ്ങുവാൻതന്നെ നിശ്ചയിച്ചു. ഒന്നുമില്ലെങ്കിലും തന്നോടു

സ്നേഹത്തോടെ പെരുമാറുന്ന കച്ചവടക്കാരൻെറ പുത്രിയുടെ സ്മരണ അവനെ അവിടേക്കു മടങ്ങിച്ചെല്ലുവാൻ നിർബന്ധിച്ചു.

ഡിക്കു് അവൻെറ യജമാനൻെറ വീട്ടിൽ മടങ്ങിഎത്തിയതിനിടയിൽ അവൻെറ ജീവിതത്തെ സാരമായി സ്പർശിക്കുന്ന ചില സംഭവങ്ങൾ നടന്നു. ഡിക്കിൻെറ പൂച്ചയെക്കൂടി കൊണ്ടുപോയിരുന്ന കപ്പൽ അതിനിടയിൽ മടങ്ങിയെത്തി. അവൻെറ പൂച്ചയെ എത്രയും വലിയതുകയ്ക്കു വിററുഎന്ന സന്തോഷവാർത്തയറിയുവാൻ ഡിക്കിനു സംഗതിയായി.

പ്രസ്തുത കപ്പൽ ഒരു രാജ്യത്തടുത്തപ്പോൾ അവിടത്തെ രാജാവു് അതിലെ കപ്പിത്താനെയും മററു ജോലിക്കാരെയും ഒരു വിരുന്നിനു ക്ഷണിച്ചു. അവിടെ ഒരു അത്ഭുതകരമായ കാഴ്ചയാണു് അവർക്കു കാണുവാൻ ഇടയായതു്. അവരുടെ മുൻപിൽ ആഹാരസാധനങ്ങൾ നിരത്തിക്കഴിഞ്ഞ ഉടൻതന്നെ ഒരുപററം എലികൾ അവിടം ആക്രമിക്കുകയും ആഹാരമെല്ലാം കവന്നു തിന്നുകൊണ്ടു ഓടിപ്പോകുകയും ചെയ്തു.

"ഹോ! ദൈവമെ! ഇന്നിനിയും എനിക്കു യാതൊന്നും ഭക്ഷിക്കുവാൻ സാധിക്കുകയില്ല" എന്നു് ആ രാജാവു് വിളിച്ചുപറഞ്ഞു.

"അതുകൊള്ളാം. ഈ എലികളെയെല്ലാം നശിപ്പിക്കുന്നതിനായി കൊട്ടാരത്തിൽ ഒരു പൂച്ചയെ വളർത്തണം" എന്നായിരുന്നു ഇതിനു കപ്പിത്താൻ മറുപടി പറഞ്ഞതു്.

"എന്തു് പൂച്ചയൊ? അതെന്താണ്? അതു് ഒരു പുതിയതരം സിംഹമാണൊ? ഞാൻ ഒട്ടവളരെ സിംഹങ്ങളെയും കടുവാകളെയും വിലയ്ക്കു വാങ്ങി. അവ ഒന്നുംതന്നെ എലിയെ ഒന്നിനെപ്പോലും കൊല്ലുകയില്ല." എന്നാണു രാജാവു വ്യസനത്തോടെ അറിയിച്ചതു്.

കപ്പിത്താൻ ഒരാളെ തൻെറ കപ്പലിലേക്കയച്ചിട്ടു് ഡിക്ക്വിററിംഗ്ടൻെറ പൂച്ചയെ എടുത്തുകൊണ്ടു വരുവാൻ പറഞ്ഞു. ആ പൂച്ച അവിടെ വന്നശേഷം എലികളെ ഓരോന്നിനെയായി കൊല്ലുന്നതു കണ്ടു രാജാവു് അത്ഭുതത്തോടെ ഇങ്ങനെ പറഞ്ഞു:—"അയ്യോ! ഇതിനെ എനിക്കു വിലയ്ക്കു തരണം. എൻെറ രാജ്യത്തിൽ പകുതി വേണമെങ്കിലും ഈ ജന്തുവിനായി തരാം" ഒടുവിൽ ആറു ചാക്കു സ്വർണ്ണം വാങ്ങിക്കൊണ്ടു് ഈ പൂച്ചയെ തരുമൊ എന്നു രാജാവു ചോദിച്ചു. കപ്പിത്താൻ അതു സമ്മതിച്ചു. അങ്ങനെ ഡിക്ക്വിററിംഗ്ടനു് ആറു ചാക്കു നിറയെ സ്വർണ്ണവുമായിട്ടാണു് കപ്പൽ മടങ്ങിയെത്തിയതു്.

ഡിക്ക്വിററിംഗ്ടൺ വെറും അനാഥബാലനാണെന്നും അവനു ഈ സ്വർണ്ണം കൊടുക്കേണ്ട ആവശ്യമില്ലെന്നും ദുഷ്ടബുദ്ധിയായ അരിവെപ്പുകാരി കച്ചവടക്കാരനോടു് ഒരു ഉപദേശംചെയ്തു. എന്നാൽ സത്യസന്ധനായ ആ കച്ചവടക്കാരൻ ആ സ്വർണ്ണം മുഴുവൻ ഡിക്കിനു കൊടുക്കുകയും അവനെ തൻെറ പുത്രനായി എടുത്തു വളർത്തുകയും ചെയ്തു. ആ ബാലൻ ഒരു മാതൃകായുവാവായി വളർന്നു. കച്ചവടക്കാരൻെറ പുത്രിയെ അയാൾ വിവാഹംകഴിച്ചു. ഒരിക്കൽ വിശപ്പും ദാഹവും സഹിക്കാതെ പാറയുടെ മുകളിൽ കിട

ന്നപ്പോൾ പക്ഷികൾ തന്നോടു പറഞ്ഞതായി തോന്നിയ തുപോലെ ഡിക്ക് ഒടുവിൽ ലണ്ടനിലെ മേയറായും തീൻ.

---

## ൬. ആൻഡ്രോക്ലിസ്സും സിംഹവും.

---

റോമാസാമ്രാജ്യത്തിൽ അക്കാലത്തു് അടിമക്കച്ചവടം എത്രയും പ്രചാരത്തിലിരുന്നു. ആൻഡ്രോക്ലിസ് എന്ന റോമൻ അടിമയെ അവൻെറ യജമാനൻ വടക്കേ ആഫ്രിക്കയിൽ വേലചെയ്യിക്കുന്നതിനായി കൊണ്ടുപോയി. അവൻെറ ജീവിതം അതിദയനീയമായിരുന്നു. കഷ്ടപ്പെട്ടു വേല ചെയ്തുപോന്ന ആൻഡ്രോക്ലിസ്സിനോടു് അവൻെറ യജമാനൻ അത്യന്തം ക്രൂരമായിട്ടാണു പെരുമാറിയതു്. എങ്ങനെയെങ്കിലും റോമായിൽ എത്തിച്ചേരണമെന്നു് അവൻ നിശ്ചയിച്ചു.

എന്നാൽ ഇങ്ങനെ ഓടിപ്പോയശേഷം കണ്ടുപിടിച്ചാൽ തന്നെ കൊലചെയ്യുമെന്നു് ആൻഡ്രോക്ലിസ്സിനറിയാമായിരുന്നു. ഏതായാലും അർദ്ധരാത്രിസമയത്തു്, സമസ്തലോകവും നിദ്രയെ പ്രാപിച്ചിരുന്നപ്പോൾ അയാൾ യജമാനൻെറ വീട്ടിൽനിന്നും പതുക്കെയിറങ്ങി പട്ടണവീഥികളിൽകൂടി നടന്നു ദൂരസ്ഥമായ നാട്ടിൻപുറത്തു് എത്തിച്ചേൻ. ആ ഇരുട്ടത്തു് എത്ര വേഗത്തിൽ നടക്കാമോ അത്രയുംവേഗത്തിൽഅവൻ നടന്നുപോയി. എന്നാൽ നേരം പ്രഭാത

മായപ്പോൾ താൻ മരുഭൂമിയിലാണ് എത്തിച്ചേന്നിരിക്കുന്ന തെന്നു് ആ അടിമയ്ക്കു മനസ്സിലായി. അവനു വിശപ്പും ദാഹവും കലശലായിട്ടുണ്ടായിരുന്നു. ഒരു മണൽകുന്നിൻെറ അരികിൽ ഒരു ഗുഹ കണ്ടിട്ട് അവൻ അതിൽ പ്രവേശിക്കുകയും വേഗത്തിൽ നിദ്രാധീനനായിത്തീരുകയും ചെയ്തു. പെട്ടെന്നു എന്തോ ഭയങ്കരമായ ഒരു അലച്ചകേട്ടാണ് ആൻഡ്രോക്ലിസ്സ് ചാടിഎഴുന്നേററതു്. അപ്പോൾ ഒരു വലിയ സിംഹം ആ ഗുഹയുടെ വാതുക്കൽ നില്ക്കുന്നതു് അവൻ കണ്ടു. ആ സിംഹത്തിൻെറ ഗുഹയിലാണു ആൻഡ്രോക്ലിസ്സ് കിടന്നുറങ്ങിയതു്. അവനു് അവിടെനിന്നും ഓടിപ്പോകുവാൻ സാധ്യമല്ലായിരുന്നു. ഒരു നിമിഷത്തിനകം ആ ഭയങ്കരമൃഗത്തിൽനിന്നും ഒരു പ്രഹരമേററു മരിക്കുവാൻ സന്നദ്ധനായി ആൻഡ്രോക്ലിസ്സ് അവിടെത്തന്നെ ഒരു ശില പോലെ നിന്നതേയുള്ളു.

എന്നാൽ സിംഹം അനങ്ങിയില്ല. അതു ദയനീയമായി കരയുകയും അതിൻെറ ഒരു ഉള്ളംകാൽ നക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഉള്ളംകാലിൽനിന്നും രക്തം പ്രവഹിച്ചുകൊണ്ടിരുന്നു. സിംഹം വളരെ വേദന അനുഭവിക്കുന്നുവെന്നുകണ്ടു് ആൻഡ്രോക്ലിസ്സ് തൻെറ ഭയം മറക്കുകയും, അവൻ സിംഹത്തിൻെറ അരികിൽ ചെല്ലുകയുംചെയ്തു അവൻെറ സഹായം അപേക്ഷിച്ചിട്ടെന്നതുപോലെ സിംഹം അതിൻെറ ഉള്ളംകാൽ അവൻെറ അടുക്കലേക്കു നീട്ടിക്കൊടുത്തു. ഒരു വലിയമുള്ളു തറച്ചുകയറിയിട്ടാണ് അതിൻെറ ഉള്ളംകാലിൽനിന്നും രക്തമൊഴുകുന്നതെന്നു് ആൻഡ്രോക്ലിസ്സിനു മനസ്സിലായി. അവൻ വേഗത്തിൽ മുള്ളു വലിച്ചൂരി

എടുക്കുകയും, മുറിവുണ്ടായിരുന്നഭാഗം തിരുമ്മി രക്തപ്രവാഹത്തെ തടയുകയും ചെയ്തു.

വേദനശമിച്ച ആ മൃഗം കൃതജ്ഞതാഭാവത്തോടെ അവിടെനിന്നു പോയി. അതു വേഗത്തിൽ ഒരു മുയലിനെ കൊന്നു അവിടെ കൊണ്ടുവന്നു. ആൻഡ്രോക്ലിസ് ആ മുയലിനെ പാകംചെയ്തുഭക്ഷിച്ചു വിശപ്പടക്കി. അതിനുശേഷം അവിടെനിന്നും അല്പം അകലെയായി ഒരു അരുവിയുള്ള സ്ഥലത്തേക്കു സിംഹം അവനെ നയിച്ചു അവൻ അരുവിയിൽനിന്നും വെള്ളംകുടിച്ചു ദാഹം ശമിപ്പിച്ചു.

മൂന്നുവർഷക്കാലം അവൻ സിംഹത്തോടുകൂടി ആ ഗുഹയിൽ കഴിച്ചുകൂട്ടി അവർ ഒരുമിച്ചു ഭക്ഷണസാധനങ്ങൾ തേടുകയും സൗഹാർദ്ദത്തോടെ ജീവിതം നയിക്കുകയും ചെയ്തു. രാത്രിയിൽ ആൻഡ്രോക്ലിസ്സിൻെറ കാൽക്കൽ വാലുമാട്ടിക്കൊണ്ടു ആ സിംഹം കിടക്കുക പതിവായിരുന്നു. ആൻഡ്രോക്ലിസ്സിനു അതു സ്നേഹമുള്ള ഒരു പൂച്ചയെപ്പോലെ മാത്രമാണു തോന്നിയതു്.

എന്നാൽ അവനു വേഗം ആ ജീവിതത്തിൽ മുഷിവു തോന്നി. മനുഷ്യൻ ഒരു സമുദായജീവിയാണല്ലോ. മനുഷ്യരോടുകൂടി ജീവിക്കണമെന്ന ആശ അവനിൽ അംകുരിച്ചു. അതിനാൽ അവൻ ആ ഗുഹവിട്ടു മനുഷ്യവാസമുള്ള സ്ഥലത്തേക്കു തിരിച്ചു. എന്നാൽ റോമാപട്ടാളക്കാർ അവനെ വേഗം പിടികൂടി. അവർ കുററവാളിയായ ഒരു അടിമയായിട്ടു അവനെ റോമിലേക്കു അയച്ചു. അക്കാലത്തെ റോമാക്കാർ ഒളിച്ചോടുന്ന അടിമകളോടു വലുതായ ക്രൂരതയാണു കാണിച്ചിരുന്നതു്. അടുത്ത പൊതുഒഴിവുദിവസം

ആൻഡ്രോക്ലിസ്സിനെ ജനങ്ങൾകാൺകെ വന്യമൃഗങ്ങളുടെ കൂട്ടിൽ അടച്ചു അവയെക്കൊണ്ടു കൊലചെയ്യിക്കണമെന്നാണു വിധിച്ചതു്.

ഈ ദയനീയമായ കാഴ്ച കാണുന്നതിനായി ജനങ്ങൾ സംഖ്യയില്ലാതെ അവിടെ കൂടിയിരുന്നു അവരുടെ കൂട്ടത്തിൽ റോമാസാമ്രാജ്യത്തിലെ ചക്രവർത്തിയുമുണ്ടായിരുന്നു. ജനക്കൂട്ടത്തിൽനിന്നും അൽപം അകലെയായി ഉന്നതമായ ഒരു പീഠത്തിൽ സിംഹാസനമിട്ടു ചക്രവർത്തി ഈ ക്രൂരമായ കാഴ്ചകണ്ടു രസിക്കുവാൻ തൻെറ പ്രധാനഉപദേഷ്ടാക്കളോടുകൂടി അവിടെ സന്നിഹിതനായി. ആൻഡ്രോക്ലിസ്സിനെ ഭടന്മാർ ഉന്തിത്തള്ളി, ആ മൈതാനത്തുകൊണ്ടുവന്നു്, അവൻെറ കയ്യിൽ ഒരു കുന്തംകൊടുത്തിട്ടു അധികാരികൾ ഇങ്ങനെ പറഞ്ഞു:—"അനേകദിവസമായി ആഹാരമില്ലാതെ വിശന്നുകിടക്കുന്ന ഒരു സിംഹത്തെയാണു നിൻെറ നേരെ തുറന്നുവിടുവാൻ പോകുന്നതു്. നിൻെറ കയ്യിൽ ഒരു കുന്തം തരുന്നു. അതുകൊണ്ടു നീ ഈ ഭയങ്കരമൃഗത്തോടു പൊരുതിനില്ക്കാമെങ്കിൽ നിന്നുകൊള്ളുക." അവൻ ഭയംകൊണ്ടു വിറച്ചു അവൻെറ ജീവിതം അവിടെ അവസാനിച്ചുവെന്നുതന്നെ അവൻ നിശ്ചയിച്ചു. ആ ഭയങ്കരമൃഗം കൂട്ടിൽനിന്നു ലോകം മുഴുവൻ വിറപ്പിക്കുന്ന ഒരു അലച്ചയോടെ മുന്നോട്ടു പാഞ്ഞുവന്നപ്പോൾ സാധുവായ ആ അടിമ സകല ജീവിതാശകളോടും യാത്രപറഞ്ഞു അവിടെത്തന്നെ നിന്നതേയുള്ളു. മൃഗം അവൻെറ അടുക്കലേക്കു പാഞ്ഞുവന്നപ്പോൾ അവൻെറ ദുർബലമായ കൈകളിൽ കുന്തം വിറച്ചുകൊണ്ടിരുന്നു. എന്നാൽ എന്തൊരത്ഭു

തമാണ്! ആ സിംഹം അവൻെറനേരെ കുതിച്ചുചാടാതെ അവൻെറ കാൽക്കൽവന്നു വിഴുകയും അവൻെറ പാദങ്ങാം നക്കിത്തുടങ്ങുകയും ചെയ്തു. അപ്പോഴാണു കുറേനാം തൻെറ ചങ്ങാതിയായി കഴിഞ്ഞുകൂടിയ സിംഹമാണ് അതെന്നു് ആൻഡ്രോക്ലിസ്സിനു മനസ്സിലായതു. അവൻ അതിൻെറ മുതുകിൽ തടവുകയും, കരയുകയും ചെയ്തു.

കാഴ്ചക്കാർ അത്ഭുതംകൊണ്ടു ആർത്തുവിളിച്ചു. ചക്രവത്തി ആൻഡ്രോക്ലിസ്സിനെ തൻെറ സമീപത്തു വരുത്തി ഇതിൻെറ കാരണമെന്തെന്നു ചോദിച്ചു. അവൻെറ വിസ്മയജനകമായ കഥകേട്ടു ചക്രവത്തി സന്തോഷിക്കുകയും, അവനെ സ്വതന്ത്രനാക്കുകയും ചെയ്തു. അതിനുശേഷം റോമാനഗരിയിൽ ആൻഡ്രോക്ലിസ്സ് നടക്കുമ്പോൾ അവൻെറ പിന്നാലെ ഈ സിംഹവും വിശ്വസ്തനായ ഒരു പട്ടിയെപ്പോലെ നടക്കുന്നതു കാണാമായിരുന്നു.

---

## ആലിബാബയും നാൽപതുകള്ളന്മാരും.

---

ആലിബാബ് എന്ന ഒരു സാധുമനുഷ്യൻ ഒരിക്കൽ പേഴ്സ്യയിലെ ഒരു പട്ടണത്തിൽ താമസിച്ചിരുന്നു. ഒരു ദിവസം വിറകുവെട്ടുന്നതിനായി അയാൾ കാട്ടിലേക്കുപോയി. കാട്ടിൽവച്ച് അയാൾ നാല്പതുകള്ളന്മാരടങ്ങിയ ഒരു സംഘത്തെ കാണുകയും ഒരു മരത്തിൽ കയറി ഒളിച്ചിരിക്കുകയും ചെയ്തു. ആ മരം ഒരു പാറയുടെ പിന്നിലാണു് വളൻ

ന്നിന്നത്തു്. ഈ നാൽപത്തുകള്ളന്മാരും ആ പാറയുടെ സമീപം വന്നു് "സീസാം തുറക്കുക!" എന്നു വിളിച്ചുപറഞ്ഞു. ഉടൻതന്നെ അവിടെ ഒരു വാതൽ തുറക്കുകയും, കള്ളന്മാർ ആ വാതലിൽക്കൂടി ഒരു ഗുഹയിൽ പ്രവേശിച്ചു തങ്ങൾ മോഷ്ടിച്ചുകൊണ്ടുവന്നിരുന്ന സ്വർണ്ണനാണയങ്ങൾ അവിടെ സൂക്ഷിച്ചുവയ്ക്കുകയും ചെയ്തു. അതിനുശേഷം അവർ പുറമേ ഇറങ്ങിവന്നു് "സീസാം അടയ്ക്കുക" എന്നു വിളിച്ചുപറഞ്ഞു. ആ വാതൽ അത്ഭുതകരമായി അടയുകയുംചെയ്തു. അതിനുശേഷം അവർ കുതിരപ്പുറത്തുകയറി അപ്രത്യക്ഷരായി

താൻ കയറിയിരുന്ന മരത്തിൽനിന്നും ആലിബാബ താഴെ ഇറങ്ങിവന്നു് "സീസാം തുറക്കുക" എന്നു പറഞ്ഞു. ഉടൻതന്നെ ഗുഹയുടെ വാതൽതുറന്നു. അയാൾ അതിനുള്ളിൽ പ്രവേശിച്ചു. സ്വർണ്ണവും വെള്ളിയും നിറയെ കെട്ടിയിട്ടിരുന്ന ചാക്കുകളാണു അയാൾ അവിടെ കണ്ടതു്. ആലിബാബയാകട്ടെ തനിക്കു ചുമലിൽ വഹിച്ചുകൊണ്ടു പോകുവാൻ സാധിക്കുന്നത്രയും സ്വർണ്ണവും വെള്ളിയും എടുത്തുകൊണ്ടു വീട്ടിലേക്കു മടങ്ങി. അയാൾ വീട്ടിലെത്തിയ ഉടൻതന്നെ ഭാര്യയെ വിളിച്ചു് ഇങ്ങനെ പറഞ്ഞു:—"ഞാൻ എൻെറ സഹോദരനായ കാസ്സിമിനെപ്പോലെതന്നെ വേഗത്തിൽ സമ്പന്നനായിത്തീരുന്നതാണു്." ധനത്തിൻെറ കൂടുതൽകൊണ്ടു അഹങ്കാരിയായിരുന്ന കാസിം ആലിബാബയോടു അവജ്ഞാപൂർവ്വമാണു് പെരുമാറിവന്നതു്?

"നമുക്കു എത്ര സ്വർണ്ണം ലഭിച്ചിട്ടുണ്ടെന്നറിയണം" എന്നു് ആലിബാബയുടെ ഭാര്യപറഞ്ഞു. അവൾ സ്വർണ്ണം അളക്കുന്നതിനു ഒരു ഇടങ്ങഴിവാങ്ങുന്നതിനായി അടുത്തുള്ള കാ

സ്സിമിന്റെ വീട്ടിലേക്കുപോയി. തന്റെ നിർദ്ധനയായ സ ഹോദരി എന്തൊരു ധാന്യമാണു അളക്കുവാൻപോകുന്നതെ ന്നറിവാൻ കാസ്സിമിന്റെ ഭാൎയ്യക്കു ഒരു കൌതുകം തോന്നി. അതിനാൽ ആ ഇടങ്ങഴിയുടെഅടിയിൽ കുറെഅരക്കുപററി ച്ചിട്ടാണു അവൾ അതു കൊടുത്തയച്ചതു്. ഇടങ്ങഴി തിരി ച്ചുകൊണ്ടുവന്നപ്പോൾ അതിൽ ഒരു സ്വൎണ്ണനാണയം പ ററിയിരിക്കുന്നതുകണ്ടു് അവൾ വളരെ അത്ഭുതപ്പെട്ടു അ വൾ ഉടൻതന്നെ കാസ്സിമിനെ വിവരമറിയിച്ചു. കാസ്സിം ആലിബാബയുടെ അടുക്കൽചെന്നു അയാൾക്കു എവിടെ നിന്നാണു ഈ സ്വൎണ്ണമെല്ലാം കിട്ടിയതെന്നു ചോദിച്ചു. ആലിബാബയാകട്ടെ ആ ഗുഹയിലെ രഹസ്യങ്ങൾ ത ന്റെ സഹോദരനോടു തുറന്നു പറയുകയും അതു് എങ്ങനെ യാണു് അടയ്ക്കുകയും തുറക്കുകയും ചെയ്യേണ്ടതെന്നു് ധരി പ്പിക്കുകയും ചെയ്തു.

"ആലിബാബ ഇനിയും അവിടെനിന്നും സ്വൎണ്ണമെ ടുക്കുന്നതിനു മുൻപായി ഞാൻ അതു് മുഴവൻ എടുത്തുകൊ ണ്ടുവരുന്നുണ്ടു്" എന്നു കാസ്സിം തന്നത്താനെ പറഞ്ഞു. ഉടൻതന്നെ പത്തു കഴുതകളേയുംകൊണ്ടു അയാൾ ഗുഹയി ലേക്കു തിരിച്ചു. അവിടത്തെ സ്വൎണ്ണം മുഴുവൻ കഴുതകളു ടെ പുറത്തുകയററി വീട്ടിൽ എത്തിക്കണമെന്നായിരുന്നു കാ സ്സിം വിചാരിച്ചിരുന്നതു്- അവിടെ ചെന്നു "സീസാം തുറ ക്കുക" എന്നു അയാൾ വിളിച്ചുപറയുകയും ഗുഹയുടെ വാതൽ പെട്ടെന്നു് തുറക്കുകയും ചെയ്തു. അതിനകത്തെ നിധി കണ്ടു കാസ്സിം തുള്ളിച്ചാടി. ഈ സന്തോഷാധിക്യത്തിൽ ഗുഹതുറക്കുന്നതിനു എന്താണു വിളിച്ചുപറയേണ്ടതെന്നുള്ള

ത്തു അയാൾ മറന്നുപോയി. അയാൾ പലതും വിളിച്ചുപറഞ്ഞുനോക്കി. വാതൽ തുറന്നില്ല. ശരിയായ വാക്ക എന്തെന്നു അയാൾ ആലോചിച്ചുകൊണ്ടുനിന്ന അവസരത്തിൽത്തന്നെ നാൽപതുകള്ളന്മാരും അവിടെ വരികയും ഗുഹയുടെ വാതൽ തുറക്കുകയും ചെയ്തു. അവർ കാസ്സിമിനെ ഉടനേതന്നെ വധിച്ചു.

പിറേറദിവസം കുറേക്കൂടി സ്വൎണ്ണമെടുക്കുന്നതിനായി ആലിബാബ ഗുഹയിൽ ചെന്നപ്പോൾ തന്റെ സഹോദരന്റെ മൃതശരീരം അവിടെ കിടക്കുന്നതുകണ്ടു അയാൾ ആ മൃതശരീരം എടുത്തുകൊണ്ടുപോയി ബഹുമാന്യമായവിധത്തിൽ ശവസംസ്കാരം നടത്തി. അതിനുശേഷം പേൎഷ്യയിലെ അന്നത്തെ ആചാരമനുസരിച്ചു ആലിബാബയുടെ സഹോദരന്റെ ഭാൎയ്യയും അയാളോടൊന്നിച്ച് താമസമാക്കി. അവളോടുകൂടി മോൎഗിയാനാ എന്നു പേരുള്ള സമൎത്ഥയായ ഒരു ഭൃത്യയും ഉണ്ടായിരുന്നു.

വധിക്കപ്പെട്ട കാസ്സിമിന്റെ ശവശരീരം ഗുഹയിൽ കാണാതെയായപ്പോഴാണു തങ്ങളുടെ രഹസ്യമറിയാവുന്ന മറെറാരാൾകൂടി ജീവിച്ചിരിപ്പുണ്ടെന്നു കള്ളന്മാൎക്കു മനസ്സിലായതു്. അവനെ കണ്ടുപിടിക്കണമെന്നു അവർ നിശ്ചയിച്ചു. പട്ടണത്തിൽ വാൾകൊണ്ടു വധിക്കപ്പെട്ട ആരെയെങ്കിലും ഈയിടെ സംസ്കരിച്ചിട്ടുണ്ടോ എന്ന് തസ്കരസംഘത്തിന്റെ തലവൻ അന്വേഷിച്ചു. ആലിബാബ തന്റെ സഹോദരന്റെ സംസ്കാരകൎമ്മം ഈയിടെ നടത്തിയവിവരം പട്ടണവാസികളിൽ ചിലർ അയാളോടു പറഞ്ഞു. അയാൾ തന്റെ സംഘത്തിൽപ്പെട്ട കള്ളന്മാരോടു ഇങ്ങനെ

പറഞ്ഞു:—“ആകട്ടെ. ഞാൻ നിങ്ങളെ എല്ലാം ഈ ആലിബാബയുടെ വീട്ടിൽ എങ്ങനെയെങ്കിലും കടത്തിവിടാം. നിങ്ങഠം രാത്രിയിൽ ആ വീട്ടിലുള്ളവരെയെല്ലാം കൊന്നിട്ടു ആരുമറിയാതെ കടന്നുകളയണം.”

തസ്കരനായകന് ഒരു ഉപായംതോന്നി. പേഴ്സ്യക്കാർ അക്കാലങ്ങളിൽ എണ്ണ വിൽക്കുവാൻ കൊണ്ടുനടന്നിരുന്ന വലിയ ഭരണികളിൽ നാൽപതെണ്ണംവാങ്ങി അയാഠം കള്ളന്മാരിൽ ഓരോരുത്തനെയും ഓരോ ഭരണിയിലാക്കി. മറെറാരുഭരണിനിറയെ എണ്ണയും വാങ്ങിച്ചു. ഈ ഭരണികളെല്ലാം കഴുതകളുടെ പുറത്തുകയററി അയാഠം രാത്രിയിൽ പട്ടണത്തിലേക്കു തിരിച്ചു. നേരം കുറെ ഇരുട്ടിയപ്പോഠം തസ്കരസംഘനേതാവ് ആലിബാബയുടെ വീട്ടിൽചെന്നിട്ട്, താൻ വളരെ ദൂരെനിന്നും എണ്ണയുംകൊണ്ടു വ്യാപാരത്തിനു വന്നതാണെന്നും, നേരം അസമയമായതിനാൽ അന്നു തിരിച്ചുപോകുവാൻ വിഷമമാണെന്നും, രാത്രിയിൽ തനിക്കു അവിടെ കഴിച്ചുകൂട്ടുവാൻ അനുവാദം നൽകണമെന്നും ആലിബാബയോട്ട് അപേക്ഷിച്ചു. ശുദ്ധഹൃദയനായ ആലിബാബ അതിനു സമ്മതിച്ചുവെന്നു പറയേണ്ടതില്ലല്ലോ. തസ്കരസംഘത്തലവൻ കഴുതകളുടെ പുറത്തുനിന്നു എണ്ണഭരണികഠം ഇറക്കി വീട്ടിനുള്ളിൽ ഒരു മുറിയിൽവച്ചു. തൻെറ അതിഥിക്കു ഭക്ഷണം തയ്യാറാക്കുവാൻ ആലിബാബ ഭൃത്യയായ മോർഗിയാനായോടാവശ്യപ്പെട്ടു അവിടെ എണ്ണ ഇല്ലാതിരുന്നതിനാൽ എണ്ണക്കച്ചവടക്കാരൻ കൊണ്ടുവന്ന എണ്ണഭരണികളിൽ ഒന്നിൽ നിന്നും കുറെ എണ്ണ എടുത്തുപയോഗിക്കാമെന്നു് മോർഗിയാനാ വിചാരിച്ചു. അവഠം പതു

ക്കെചെന്നു ഒരു ഭരണി തുറന്നു. തങ്ങളുടെ നേതാവാണു ഭരണി തുറക്കുന്നതെന്നു വിചാരിച്ച്, അതിനുള്ളിലുണ്ടായിരുന്ന തസ്കരൻ "സമയമായൊ?" എന്നു പതുക്കെ ചോദിച്ചു. സമർത്ഥയായ ഭൃത്യയ്ക്കു വേഗത്തിൽ കാര്യം മനസ്സിലായി. "സമയമായില്ല" എന്നു പറഞ്ഞിട്ടു അവൾ ഓരോ ഭരണിയും തുറന്നുനോക്കി. നാൽപതുകള്ളന്മാർ തന്റെ യജമാനന്റെ വീട്ടിൽ കയറിയിരിക്കുകയാണെന്നു അവൾ ധരിച്ചു. എണ്ണ ഉണ്ടായിരുന്ന ഭരണിയിൽനിന്നും അവൾ എണ്ണ എടുത്തു തിളപ്പിച്ചു. എന്നിട്ടു തിളച്ച എണ്ണ അവൾ ഓരോ കള്ളനും ഇരുന്ന ഭരണിയിലും കൊണ്ടുചെന്നു ഒഴിച്ചു. ആ കള്ളന്മാർ ഭരണികൾക്കുള്ളിലിരുന്നു മരിച്ചുപോയി. അർദ്ധരാത്രി സമയമായപ്പോൾ തസ്കരസംഘനേതാവ് ഭരണികൾ ഇരുന്നിടത്തുചെന്നു തന്റെ അനുയായികളോടു പുറത്തിറങ്ങിവരുവാൻ പറഞ്ഞു. എന്നാൽ അവരെല്ലാവരും വെന്തുമരിച്ചിരിക്കുന്നതായി അയാൾ കണ്ടു. അയാൾ രാത്രിയിൽതന്നെ അവിടെനിന്നും ഓടി രക്ഷപ്പെട്ടു.

പിറേറദിവസം മോർഗിയാനാ ഈ വിവരം ആലിബാബയെ ധരിപ്പിച്ചു. അയാൾ കള്ളന്മാരെ എല്ലാവരെയും അന്നു രാത്രിതന്നെ രഹസ്യമായി കുഴിച്ചുമൂടി. എന്നാൽ മോർഗിയാനാ തന്റെ യജമാനനോടു ഇങ്ങനെ പറഞ്ഞു:—'ഇതുകൊണ്ടു നാം സന്തോഷിച്ചിരിക്കരുത്. ഒരുകള്ളൻ രക്ഷപെട്ടുപോയിട്ടുണ്ട്. അവന്റെ രഹസ്യം നമുക്കറിയാമെന്നുള്ളതിനാൽ അവൻ നമ്മെ വധിക്കുവാൻ തക്കംനോക്കി ഇരിക്കുതന്നെ ചെയ്യും."

അങ്ങനെ നാളുകൾ കുറെ കഴിഞ്ഞു ആലിബാബാ യുടെ വീട്ടിൻ സമീപം ഒരു പുതിയ വ്യാപാരി വന്നു കച്ച വടം തുടങ്ങി വേഗത്തിൽ ഈ വ്യാപാരിയും ആലിബാ ബയും തമ്മിൽ സ്നേഹിതന്മാരായി. ആലിബാബ ഒരു ദിവസം ഈയാളെ അത്താഴത്തിനു തൻെറ വീട്ടിലേയ്ക്കു ക്ഷണിച്ചു. ഒരു ആതിഥേയൻെറ വീട്ടിൽനിന്നും ഉപ്പുകൂട്ടി എന്തെങ്കിലും ഭക്ഷണം കഴിച്ചിട്ട് അയാളെ ദ്രോഹിക്കുന്ന തു മഹാ പാതകമാണെന്നായിരുന്നു പേഴ്സ്യാക്കാർ അ ക്കാലങ്ങളിൽ വിചാരിച്ചിരുന്നതു് ആ വ്യാപാരി ആലി ബാബയോടു് ഇങ്ങനെ പറഞ്ഞു:—"താങ്കളുടെ ക്ഷണം സ്വീകരിക്കുന്നതിൽ എനിക്കു വലിയ സന്തോഷമുണ്ടു്, എന്നാൽ ഞാൻ ഉപ്പുചേൎത്ത ഭക്ഷണം ഒന്നും കഴിക്കാറി ല്ല". ആലിബാബ ഇങ്ങനെ മറുപടിയും പറഞ്ഞു:— "അതിനു സാരമില്ല. ഉപ്പുചേക്കാതെ ഭക്ഷണപദാൎത്ഥ ങ്ങൾ പാകംചെയ്യുവാൻ ഞാൻ ഏൎപ്പാടുചെയ്യാം".

അതനുസരിച്ചു് ആലിബാബ വീട്ടിൽ വന്നു്, ത ൻെറ സ്നേഹിതനായ വ്യാപാരി അന്നേദിവസം അത്താഴം കഴിക്കുവാൻ ചെല്ലുമെന്നും എന്നാൽ അയാൾക്കു് ഉപ്പു ചേ ക്കാതെ വേണം ഭക്ഷണപദാൎത്ഥങ്ങൾ പാകംചെയ്യേണ്ടു തെന്നും ഭൃത്യയായ മോൎഗിയാനായോടു പറഞ്ഞു. അ വൾക്കു് ഇതിൽ സ്വാഭാവികമായ സംശയം ജനിച്ചു. വ്യാ പാരി രാത്രിയിൽ വീട്ടിൽ വന്നപ്പോൾ അവൾ അയാളെ ഒന്നു നോക്കി. ആ പഴയ തസ്കരത്തലവൻ വേഷംമാറി വന്നിരിക്കുകയാണെന്നു ബുദ്ധിശാലിനിയായ മോൎഗിയാനാ വളരെ വിഷമം കൂടാതെ മനസ്സിലാക്കി. അയാളുടെ വ

സ്ത്രങ്ങളുടെ ഇടയിൽ ഒരു കഠാര ഒളിച്ചു വച്ചിരിക്കുന്നതും അവൾ കണ്ടു. ഭക്ഷണം കഴിഞ്ഞിട്ട് ഒരു നൃത്തം ചെയ്യുവാൻ തനിക്കു് അനുവാദം കിട്ടണമെന്ന് അവൾ ആലിബാബയോടപേക്ഷിച്ചു. അയാൾ അതു സമ്മതിച്ചു. അവർ ഭക്ഷണം കഴിഞ്ഞു വെടിയും പറഞ്ഞുകൊണ്ടിരുന്നപ്പോൾ കയ്യിൽ ഒരു കഠാരയുമായി മോർഗിയാനാ നൃത്തം ആരംഭിച്ചു. അവൾ നൃത്തത്തിനിടയിൽ ആലിബാബയെ കഠാരകൊണ്ടു കുത്തുവാൻപോകുന്ന ഭാവം കാണിച്ചു. അവൾ വ്യാപാരിയുടെ അരികിൽ ചെന്നു കഠാര അയാളുടെ നെഞ്ചിൽ കുത്തിയിറക്കി. അയാളുടെ വസ്ത്രത്തിൻെറ ഇടയിൽ ഒളിച്ചുവച്ചിരുന്ന കഠാര അവൾ സകലരെയും കാട്ടി. തന്നെ ഈവിധം രക്ഷിച്ചതിൽ ആലിബാബയ്ക്കു് അവളോടു വലിയ നന്ദി തോന്നി. അയാൾ തൻെറ പുത്രനെക്കൊണ്ടു് അവളെ വിവാഹം ചെയ്യിക്കുകയും, കാട്ടിലെ ഗുഹയിൽനിന്നെടുത്ത നിധിയിൽ ഒരു വലിയ ഭാഗം അവൾക്കു സ്ത്രീധനമായി നൽകുകയും ചെയ്തു.

## ൯. ഒരിക്കലും മറക്കാത്ത മനുഷ്യൻ.

ബാഗ്ദാദിലെ ഏററവും പ്രതാപശാലിയായ കാലിഫ് ഹാറോൺ അൽറാഷിദ് തൻെറ കൊട്ടാരത്തിലെ ഒരു മുറിയിൽ ഏകാകിയായിരിക്കുകയായിരുന്നു. 'ആഡംബരപൂർവം പണിചെയ്തിരുന്ന ആ കൊട്ടാരം അതിൽ വസിക്കു

ന്ന രാജാവിൻെറ പ്രതാപത്തെയും ശക്തിയെയും പ്രഖ്യാപനം ചെയ്യുന്നതായിരുന്നു. സകലവിധ സുഖസൗഭാഗ്യങ്ങൾക്കും അധിപതിയായ കാലിഫ് ചിന്താധീനനായി കാണപ്പെട്ടു. എന്തെന്നില്ലാത്ത അസ്വാസ്ഥ്യം അദ്ദേഹത്തിൻെറ ഹൃദയത്തെ ക്ഷോഭിപ്പിച്ചുകൊണ്ടിരുന്നു. ഇതിൻെറ കാരണമെന്തായിരിക്കാം? ആ രാജ്യത്തിലെ ബുദ്ധിമാനായ ജാഫർ എന്ന മന്ത്രിയെ കൊലചെയ്യുവാൻ രാജാവു പെട്ടെന്നുണ്ടായ കോപാവേശത്താൽ ആജ്ഞാപിക്കുകയും അദ്ദേഹത്തെ തൂക്കിക്കൊല്ലുകയും ചെയ്തിരുന്നു. അതിനെപ്പററിയോത്താണു് കാലിഫ് വ്യസനാക്രാന്തനായതു്. എന്തെന്നാൽ മന്ത്രിയായ ജാഫർ രാജ്യത്തിലെ ജനങ്ങളുടെ കണ്ണിലുണ്ണിയായിരുന്നു. സത്യം, ധമ്മം, ദയ എന്നിവയുടെ എല്ലാം മാതൃകയായിരുന്ന ജാഫറിൻെറ വധം ജനങ്ങളെ വല്ലാതെ ക്ഷോഭിപ്പിക്കുമെന്നു കാലിഫിനു അറിയാമായിരുന്നു. അതോത്താണു കാലിഫ് എത്രയും ചിന്താധീനനായിത്തീന്നതു്. "സാധുക്കളുടെ മിത്രമായിരുന്ന ജാഫറിനെ കൊന്നു. ഇനിയും നമുക്കു് ആരാണുള്ളതു്"? എന്നു ജനങ്ങൾ കൂട്ടംകൂടിനിന്നു മുറവിളികൂട്ടുന്നശബ്ദം ആ രാജ്യമടക്കിവാണിരുന്ന കാലിഫിൻെറ കൊട്ടാരത്തിലും ഉറക്കെ കേൾക്കാമായിരുന്നു. ഇതാണു കാലിഫിൻെറ ഹൃദയത്തിൽ ഭീതിയുളവാക്കിയതു്. ഇതുവരെ താൻ എത്രയോപേരെ വധിച്ചിട്ടുണ്ടു്? എത്രയോപേർ തൻെറ ഒരു വാക്കനുസരിച്ചു ലോകത്തോടു യാത്രപറഞ്ഞിട്ടുണ്ടു്? എന്നിട്ടും ആരുംതന്നെ തൻെറ അധികാരത്തെ ചോദ്യംചെയ്തിട്ടില്ല. എന്നാൽ ഇപ്പോഴും ഈ പ്രതിഷേധശബ്ദവും കേൾക്കാറായോ?

അതു് താനനുവദിക്കുകയില്ലെന്നതന്നെ സർവ്വാധിപതിയായ രാജാവുമുറച്ചു. ആരെങ്കിലും ജാഫർ എന്ന പേരുച്ചരിച്ചാൽ അവരെയും കൊല്ലുന്നതാണെന്നു അദ്ദേഹം ഒരു കല്പന പുറപ്പെടുവിച്ചു. എന്തു്? ജാഫർ ഏതായാലും മരിച്ചുപോയി. അയാളുടെ സ്മരണയും നിലനിൽക്കുവാൻ പാടില്ലെന്നാണു രാജാവു നിശ്ചയിച്ചതു്. എന്നാൽ ഒരു സന്ദേശവാഹകൻ രാജാവിൻെറ അടുക്കലെത്തി സമയംകാത്തുനിന്നു് സന്തോഷകരമല്ലാത്ത ഒരു വർത്തമാനമറിയിച്ചു. രാജാവു അതുകേട്ടപ്പോഠം ഭയവും കോപവുംകൊണ്ടു വിറച്ചു. എന്തെന്നാൽ മോൺഡീർ എന്നൊരുവൻ ചന്തസ്ഥലങ്ങളിൽനിന്നു ജാഫറിൻെറ സ്മരണയെ വാഴ്ത്തി പ്രസംഗിക്കുന്നുവെന്നാണു രാജാവിന്നറിയുവാൻ ഇടയായതു്. എന്തുധിക്കാരമാണു്? രാജശാസനയെ ലംഘിക്കുകയോ? ആ അനുസരണയില്ലാത്ത പട്ടിയെ തൻെറ മുൻപിൽ കൊണ്ടുവരുവാൻ കാലിഫ് ആജ്ഞാപിച്ചു.

കാലിഫ് സിംഹാസനത്തിൽ ഈ ധിക്കാരിയുടെ വരവും പ്രതീക്ഷിച്ചുകൊണ്ടിരുന്നു. കൊട്ടാരത്തിലെ സേവകന്മാരും, ഭടന്മാരും അദ്ദേഹത്തിൻെറ ഉത്തരവുകാത്തു നിൽക്കുന്നുണ്ടായിരുന്നു. അപ്പോഴാണു് ധീരനായ ഒരു യുവാവിനെ ഭടന്മാർ ബന്ധിച്ചു കാലിഫിൻെറ മുൻപിൽ കൊണ്ടുചെന്നു ഇട്ടതു്. അവർ അയാളെ ബന്ധിച്ചിരുന്ന കയറുകഠം മുറുകെ കെട്ടുകഠം ബലപ്പെടുത്തി. ആ യുവാവാകട്ടെ ഇങ്ങനെ പറഞ്ഞു:—"എത്രയും മുറുക്കിക്കെട്ടിക്കൊള്ളുക. മഹാനായ ജാഫറാണു സാധുക്കളായ ഞങ്ങളെ ബന്ധിച്ചിരുന്ന ചങ്ങലകഠം വെട്ടിനുറുക്കി ഞങ്ങളെ സ്വതന്ത്രരാക്കിയതു്.

എന്നാൽ ജാഫർ ഞങ്ങളെ വിട്ടുപിരിഞ്ഞിരിക്കുന്നു. ആ പഴയ ശൃംഖലകൾ ഞങ്ങളെ വീണ്ടും ബന്ധിക്കുന്നു. ഇതു ജാഫറിൻെറ ഓർമ്മയെ ആരുടെ ഹൃദയത്തിലാണു ഉദിപ്പിക്കാത്തതു്. മഹാനായ ജാഫറിൻെറ സ്മരണയെ സ്തുതിക്കുക".

ഈ ധീരമായ വാക്കുകൾ കാലിഫിൻെറ ഹൃദയത്തിൽ എന്തെന്നറിയുവാൻപാടില്ലാത്ത ഒരു പ്രകാശം ഉളവാക്കി. അദ്ദേഹം മൃദുലവികാരങ്ങൾക്കു വിധേയനായി. ഇങ്ങനെയുള്ള ഒരു മനുഷ്യനെ കൊല്ലുന്നതു രാജോചിതമല്ല. ഇവൻെറ സ്നേഹമുണ്ടായാൽ പ്രക്ഷുബ്ധരായ ജനങ്ങളെ സമാധാനപ്പെടുത്തുവാൻ സാധിക്കുമെന്നു കാലിഫിനു തോന്നി. മൃതിയടഞ്ഞ ജാഫറിൻെറ പ്രശസ്തി തനിക്കും ലഭിച്ചാൽകൊള്ളാമെന്നൊരാഗ്രഹം അദ്ദേഹത്തിൻെറ ഹൃദയത്തിൽ അങ്കുരിച്ചു. അദ്ദേഹം തടവുകാരനോടായി ഇങ്ങനെ പറഞ്ഞു:— "സ്നേഹിതാ! നിൻെറ ഹൃദയം കൃതജ്ഞതകൊണ്ടു നിറഞ്ഞതാണു. കൃതജ്ഞത സകല തെററുകളെയും പൊറുക്കുന്നതിനു മതിയായ ഒരു ഗുണവുമാണു്. ഞാൻ നിനക്കു മാപ്പുതരുന്നു. നീ സ്വാതന്ത്ര്യനായി ജീവിക്കുക. ഏത്രയും പ്രശസ്തമായ എൻെറ കിരീടത്തിൽ അണിഞ്ഞിരിക്കുന്ന ഈ രത്നവും നിനക്കു സമ്മാനമായിരിക്കട്ടെ".

ഭടന്മാർ അവനെ കെട്ടുകളഴിച്ചു സ്വാതന്ത്ര്യനാക്കി. അവൻ രാജാവിൽനിന്നും ആ വിലയേറിയ രത്നം സമ്മാനമായി വാങ്ങി. അപ്പോഴും അവൻ തൻെറ പ്രകാശമാനമായ നയനങ്ങളിൽക്കൂടി കണ്ണുനീരൊലിപ്പിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു:—"ജാഫർ! ഇതും അങ്ങുനിമിത്തം സംഭ

വിച്ചതാണു്- അങ്ങയുടെ പേർ എന്നും കീർത്തിക്കപ്പെടട്ടെ".

---

## ൧൦. സത്യംപാലിച്ച മനുഷ്യൻ.

---

ഡോബ്രിവേ എന്ന യുവാവിൻെറ ജന്മദിനത്തിൽ അവന്ന് ഒരു കപ്പൽനിറയെ കച്ചവടസാമാനങ്ങൾ അവൻെറ പിതാവു സമ്മാനമായി നൽകി. അവൻ തനിക്കുകിട്ടിയ സമ്മാനംനോക്കി സന്തോഷത്തോടെ തുറമുഖത്തു നിന്നപ്പോൾ പിതാവു് ഇങ്ങനെ പറഞ്ഞു:—

"നിൻെറ വിദ്യാലയജീവിതം അവസാനിച്ചിരിക്കുന്നു. നീ ഇനിയും വിശാലമായ ജീവിതരംഗത്തിൽ പ്രവേശിച്ചു് സ്വന്തം പ്രയത്നംകൊണ്ടു ജീവിതംകഴിക്കുക. ഇതുവരെ നീ നല്ലവനായും, പരിശ്രമശീലനായും, ബുദ്ധിമാനായുമാണു് പെരുമാറിയിട്ടുള്ളതു്. ഈ ധനം നിന്നെ ഏല്പിക്കുന്നതിൽ എനിക്കു സംശയമശേഷമില്ല. ഇതുകൊണ്ടു വ്യാപാരം നടത്തി നീ നിൻെറ ജീവിതം സുഖമായിക്കഴിക്കുക".

ജീവിതാശകൾനിറഞ്ഞ ആ യുവാവു് മാതാപിതാക്കന്മാരെ വന്ദിച്ചു കപ്പലിൽ കയറി കച്ചവടത്തിനായി പുറപ്പെട്ടു. കപ്പൽ നടുക്കടലിൽ എത്തിയപ്പോൾ തുക്കിക്കാരുടെ ഒരു കപ്പൽ അതിലെ വരുന്നതു് അവൻ കണ്ടു. ആ കപ്പൽ അടുത്തടുത്തു വന്നതോടുകൂടി അതിനകത്തു ദീനമായ നിലവിളിയുടെ ശബ്ദം ഡോബ്രിവേ കേട്ടു. അയാൾ ആ

കപ്പലിലെ കപ്പിത്താനോട് ഇങ്ങനെ വിളിച്ചുചോദിച്ചു:— "സ്നേഹിത! നിങ്ങളുടെ കപ്പലിൽ ഈ നിലവിളി കേൾക്കുന്നതിൻെറ കാരണമെന്തു്? അതിനകത്തു പകച്ചവ്യാധികളൊ ക്ഷാമമൊ ബാധിച്ചിട്ടുണ്ടോ?" ആ കപ്പിത്താൻ ഇങ്ങനെ മറുപടി പറഞ്ഞു:—"അതു സാരമില്ല. ഞങ്ങൾ തടവുകാരായി പിടിച്ച ചിലരുടെ കരച്ചിലാണതു്. ഞങ്ങൾ അവരെ അടിമകളായി വില്ക്കുവാൻ പോകുകയാണു"" ദയാലുവായ ഡോബ്രിവേ ഇങ്ങനെ ചോദിച്ചു:—"എൻെറ കപ്പലിലെ സാധനങ്ങൾ എടുത്തുകൊണ്ടു നിങ്ങൾ ആ തടവുകാരെ എനിക്കുതരുമോ?" തുർക്കിക്കപ്പലിലെ കപ്പിത്താൻ ഈ കച്ചവടക്കപ്പൽ സന്ദർശിച്ചു. അതു നിറയെ വിലയേറിയ കച്ചവടസാധനങ്ങളാണുള്ളതെന്നുകണ്ടു് കപ്പിത്താൻ ഡോബ്രിവേയുടെ നിർദ്ദേശം സമ്മതിച്ചു.

തടവുകാരെല്ലാം തൻെറ കപ്പലിൽ ആയതിനുശേഷം ഡോബ്രിവേ അവരെ ബന്ധിച്ചിരുന്ന ശൃംഖലകളെല്ലാം അഴിച്ചു സ്വതന്ത്രരാക്കി. എന്നിട്ടു അവരിൽ ഓരോരുത്തൻെറയും ജന്മദേശമേതെന്നു അയാൾ ചോദിച്ചറിയുകയും അവരെയെല്ലാം അവരവരുടെ സ്ഥലങ്ങളിൽ കൊണ്ടുപോയി ഇറക്കിവിടുകയും ചെയ്തു. എന്നാൽ അതിൽ ഉണ്ടായിരുന്ന ഒരു യുവതിയുടെയും ഒരു വൃദ്ധയുടെയും സ്വദേശം കണ്ടുപിടിക്കുന്നതിനു് അയാൾക്കു കഴിഞ്ഞില്ല. താൻ ഒരു രാജ്യത്തെ രാജാവിൻെറ പുത്രിയാണെന്നും, കിഴവി തൻെറ പരിചാരികയാണെന്നും ആ യുവതി അയാളെ മനസ്സിലാക്കി സ്വദേശത്തേക്കു മടങ്ങിപ്പോകുവാൻ സാധിക്കാത്തതിനാൽ വിദേശത്തെവിടെയെങ്കിലും വേലചെയ്തുപ

ജീവനം കഴിക്കണമെന്നായിരുന്നു അവർ ആഗ്രഹിച്ചിരുന്ന
തു്. എന്നാൽ ഡോബ്രിവേ അവളെ വിവാഹം ചെയ്യു
കയും, അവളോടുകൂടി അയാൾ പിതാവിൻെറ അടുക്കൽ
മടങ്ങി എത്തുകയും ചെയ്തു. കച്ചവടംചെയ്തു സസുഖം മട
ങ്ങിവരുന്ന പുത്രനെ സ്വീകരിക്കുന്നതിനായി പിതാവു തുറ
മുഖത്തു നേരത്തെ എത്തിയിരുന്നു. എന്നാൽ കപ്പലിറ
ങ്ങിവന്ന പുത്രൻ താഴെക്കാണുംവിധം പ്രസ്താവിച്ചപ്പോൾ
പിതാവിൻെറ മുഖത്തെ പ്രസാദം അസ്തമിച്ചു.

"അച്ഛാ! അങ്ങയുടെ പണം എത്ര ബുദ്ധിപൂർവ്വം
ചെലവാക്കി എന്നു ഞാൻ വിചാരിക്കുന്നു. എത്രയോ അ
ടിമകളുടെ ദുഃഖംനിറഞ്ഞ ജീവിതത്തെ ഞാൻ സന്തോഷ
പ്രദമാക്കിത്തീർത്തു. അതുംകൂടാതെ വിലമതിക്കുവാൻ പാടി
ല്ലാത്ത സ്വഭാവഗുണത്തോടുകൂടിയ ഒരു വധുവിനെയും
ഞാൻ സമ്പാദിച്ചു."

പിതാവിനു വല്ലാത്ത കോപംവന്നു. തൻെറ പുത്ര
ൻെറ ഭാര്യയെ യഥോചിതം സ്വീകരിക്കുന്നതിനും അ
യാൾ തയ്യാറായില്ല. ആ പണമെല്ലാം ഇങ്ങനെ പ്രയോജ
നമില്ലാതെ ചെലവഴിച്ച പുത്രൻ വെറും മറയനാണെന്നാ
ണു് അയാൾ പറഞ്ഞതു്.

ഇങ്ങനെ നാൾ കുറെ കഴിഞ്ഞു. ഇതിനിടയിൽ ത
ൻെറ പുത്രൻ ലൗകികകാര്യങ്ങളിൽ വേണ്ട പരിജ്ഞാനം
നേടിയിരിക്കുമെന്നു ആ പിതാവു വിചാരിച്ചു. ഡോബ്രിവേ
യ്ക്കു കച്ചവടം ചെയ്യുന്നതിനു അയാൾ വീണ്ടും ഒരു കപ്പൽ
നിറയെ പല സാധനങ്ങളും സംഭരിച്ചു. ഡോബ്രിവേയാക
ട്ടെ, തൻെറ ഭാര്യയോടു യാത്രയുംചോദിച്ചുകൊണ്ടു കച്ചവട

ത്തിനായി തിരിച്ചു. ഈ പ്രാവശ്യമെങ്കിലും തനിക്കു ധനം സമ്പാദിച്ചു തിരിച്ചുവരുവാൻ സാധിക്കുമെന്നാണു് അയാറം ആശിച്ചതു്.

എന്നാൽ യഥാൎത്ഥത്തിൽ സംഭവിച്ചതെന്താണു്? അയാളുടെ കപ്പൽ അടുത്തതായ ആദ്യത്തെ തുറമുഖത്തിൽ അത്യന്തം ദയനീയമായ ഒരു കാഴ്ചയാണു കാണ്മാൻ സംഗതിയായതു്. അവിടെ പട്ടാളക്കാർ സാധുക്കളായ കുറെ ആളുകളെ ബന്ധിച്ചുകൊണ്ടു കാരാഗൃഹങ്ങളിലേക്കു പോകുന്നുണ്ടായിരുന്നു. അവരുടെ ഭാൎയ്യമാരും കുട്ടികളും അതിൻെറ പിന്നാലെ നിലവിളിച്ചുകൊണ്ടുനടന്നു. ഇതിൻെറ കാരണമെന്തെന്നു ഡോംബ്രിവേ അന്വേഷിച്ചു. ആ രാജ്യത്തെ ഭാരമേറിയ ഒരു കരംകൊടുക്കുവാൻ ഈ സാധുക്കാംക്കു നിവൃത്തിയില്ലാഞ്ഞതിനാലാണു് അവരെ ഇങ്ങനെ കാരാഗൃഹങ്ങളിലേക്കു കൊണ്ടുപോകുന്നതെന്നു അയാറം മനസ്സിലാക്കി. ഉടൻതന്നെ അയാറം തൻെറ കപ്പലിലെ സാമാനങ്ങളെല്ലാം വിററിട്ടു അവരുടെ പേരിലുള്ള കരമൊടുക്കി എല്ലാവരെയും സ്വതന്ത്രരാക്കി. ഇതാണു രണ്ടാമത്തും കച്ചവടംചെയ്തു ലാഭമുണ്ടാക്കുവാനിറങ്ങിയ ഡോംബ്രിവേയ്ക്കുണ്ടായ അനുഭവം.

ഈ പ്രാവശ്യം ഡോംബ്രിവേയുടെ പിതാവിൻെറ കോപത്തിനു അതിരില്ലായിരുന്നു. അയാറം തൻെറ പുത്രനെയും, ഭാൎയ്യയെയും, ആ വൃദ്ധയായ സ്ത്രീയെയും വീട്ടിൽനിന്നും അടിച്ചു പുറത്തിറക്കി. അയൽവാസിയായ ഒരാറം ഇവൎക്കു് അഭയം നൽകാതിരുന്നുവെങ്കിൽ ഇവർ നിരത്തിൽ അലഞ്ഞുതിരിയേണ്ടിവരുമായിരുന്നു. പിതാവിനെയും പുത്രനെ

യും ഒന്നുകൂടി യോജിപ്പിക്കുന്നതിനു ആ അയൽപക്കക്കാരൻ ശ്രമിച്ചു. ഒടുവിൽ അയാളുടെ ശ്രമം ഫലപ്രദമായി.

ഏതായാലും തൻെറ പുത്രനു നന്നാകുവാൻ ഒരവസരംകൂടി നൽകാമെന്നു വൃദ്ധനായ ആ കച്ചവടക്കാരൻ തീച്ച്പ്പെടുത്തി. അയാഠം തൻെറ പുത്രനു കച്ചവടം ചെയ്യുന്നതിനായി മൂന്നാമതൊരു കപ്പൽ തയ്യാറാക്കി. അതിൻെറ മുൻവശത്തു ഡോബ്രിവേയുടെ പത്നിയുടെ ഛായയിൽ ഒരു പ്രതിമയും സ്ഥാപിച്ചു. അയാഠം പുത്രനോടു ഇങ്ങനെ പറഞ്ഞു:—അവളുടെ ആ ഛായ നീ നോക്കുക! നിനക്കു ഇനിയും വല്ല മഠത്തരവും കാണിക്കുവാൻ തോന്നുമ്പോഠം ആ പ്രതിമയെ നോക്കണം. അങ്ങനെ എന്തെങ്കിലും മഠത്തരം കാണിച്ചാൽ അവഠം പട്ടിണികിടക്കേണ്ടിവരുമെന്നു നല്ലതുപോലെ ഓർത്തുകൊള്ളുക."

ഡോബ്രിവേ കപ്പലിൽ യാത്രതിരിച്ചു. അയാഠം ഒട്ടുവളരെ തുറമുഖങ്ങഠം സന്ദർശിച്ചു യാത്രതുടൻു. ഒടുവിൽ ജന്മദേശത്തുനിന്നും എത്രയും വിദൂരമായ ഒരു തുറമുഖത്തു അയാളുടെ കപ്പൽ അടുത്തു അതു എത്രയും മനോഹരമായ ഒരു പട്ടണമായിരുന്നു കപ്പൽ തുറമുഖത്തടുത്തു കുറെനേരം കഴിഞ്ഞ ഉടനെ രാജകീയാഡംബരങ്ങളോടുകൂടിയ ഒരു യുവാവു ആ കപ്പലിൽ പ്രവേശിച്ച് അതിൻെറ ഉടമസ്ഥൻ ആരെന്നു അന്വേഷിച്ചു ആ യുവാവ് ഡോബ്രിവേയോടു ഇങ്ങനെ ചോദിച്ചു:—"ഈ കപ്പലിൽ ഇവിടത്തെ രാജകുമാരിയുടെ പ്രതിമവയ്ക്കുവാൻ കാരണമെന്തു്?"

"അതു എൻെറ ഭാൎയ്യയുടെ പ്രതിമയാണു്" എന്നു ഡോബ്രിവേ മറുപടിപറഞ്ഞു. "എന്നാൽ അതു് ഇവിടുത്തെ രാജകുമാരിയുടെ പ്രതിമതന്നെ എന്നുള്ളതിൽ സംശയമില്ല. ആ രാജകുമാരിയെ കുറേനാറം മുൻപു തുൎക്കികറം തട്ടിക്കൊണ്ടുപോയതാണു്. നിങ്ങളുടെ കഥ കേറംക്കേണ്ടിയിരിക്കുന്നു." ഇപ്രകാരം പറഞ്ഞുകൊണ്ടു് ആ യുവാവു് ഡോബ്രിവേയെ കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി അയാറം അവിടുത്തെ രാജകുടുംബത്തിലെ ഒരു അംഗമായിരുന്നു. ഡോബ്രിവേ വേഗത്തിൽ രാജസന്നിധിയിൽ എത്തിച്ചേൎന്നു. ഡോബ്രിവേയുടെ കഥ കേട്ടു സകലരും അത്ഭുതവും സന്തോഷവുംകൊണ്ടു മതിമറന്നു. കാണാതെപോയ തൻെറ പുത്രിയെ രക്ഷിച്ച ആ യുവാവിനോടു രാജാവിനുണ്ടായ നന്ദി അളവററതായിരുന്നു. വേഗത്തിൽ തൻെറ പുത്രിയെ കൂട്ടിക്കൊണ്ടു വരണമെന്നും, തൻെറ രാജ്യത്തിൽ പകുതി ഡോബ്രിവേയ്ക്കു നൽകുന്നതാണെന്നും രാജാവു ഡോബ്രിവേയെ അറിയിച്ചു. തൻെറ പുത്രിയെ കൂട്ടിച്ചുകൊണ്ടു വരുന്നതിനു രാജാവു പ്രധാനമന്ത്രിയെയും ഏതാനും പട്ടാളക്കാരെയും ഡോബ്രിവേയുടെ കൂടെ അയച്ചു. തൻെറ ജാമാതാവിൻെറ പിതാവിനു പല വിലപിടിച്ച സമ്മാനങ്ങളും രാജാവു കൊടുത്തയച്ചു.

ഈ പ്രാവശ്യത്തെ അനുഭവം ഡോബ്രിവേയുടെ പിതാവിനെ കണക്കിലധികം സന്തുഷ്ടനാക്കി. വേഗത്തിൽ ആ കുടുംബത്തിലുള്ളവരെല്ലാം രാജകുമാരിയോടുകൂടി അവളുടെ രാജ്യത്തിലേക്കു തിരിച്ചു. ആ കപ്പലിലുണ്ടായി

രുന്നവരെല്ലാം സന്തോഷത്തിൽ ആറാടിയിരുന്നു. എന്നാൽ അതിനകത്തു അസൂയയുള്ള ഒരു മനുഷ്യനുണ്ടായിരുന്നു. അതു രാജകുമാരിയുടെ പിതാവിൻെറ പ്രധാനമന്ത്രിയല്ലാതെ മററാരുമായിരുന്നില്ല. ഡോംബ്രിവേയുടെ സൗഭാഗ്യത്തിൽ അയാൾക്കു് എന്തെന്നില്ലാത്ത അസൂയയുണ്ടായിരുന്നു. ഒരു ദിവസം രാത്രിയിൽ കപ്പൽ സമുദ്രത്തിൻെറ നടുവിൽകൂടി വേഗത്തിൽ ഓടിക്കൊണ്ടിരിക്കുകയായിരുന്നു. ഡോംബ്രിവേയും പ്രധാനമന്ത്രിയും കൂടി കപ്പലിൻെറ ഒരരികിൽ സംസാരിച്ചുകൊണ്ടുനിന്നിരുന്നു. പെട്ടെന്നു ചതിയനായ മന്ത്രി ഡോംബ്രിവേയെ പിടിച്ചു കടലിലേക്കു തള്ളി. അയാൾ ആ ഘോരസമുദ്രത്തിൽ മുങ്ങി മരിക്കുമെന്നു ആ ദുഷ്ടബുദ്ധിക്കു നിശ്ചയമുണ്ടായിരുന്നു.

ഡോംബ്രിവേ അലകളുടെ സഹായംകൊണ്ടു ഒരുവിധത്തിൽ ആ ഇരുട്ടത്തു ഒരു പാറയിൽ അടുത്തു. വിശപ്പും ദാഹവും സഹിക്കവഹിയാതെ വിവശനായിരുന്ന അയാൾ പാറയിൽ പററിയിരുന്ന പായലുകൾ തിന്നാണു വിശപ്പടക്കിയതു്. നേരം പ്രഭാതമായിത്തുടങ്ങി. ഏറെദൂരെയല്ലാതെ ആരോ ഒരു വള്ളത്തിൽ കടന്നുപോകുന്നതു അയാൾ കണ്ടു. ഡോംബ്രിവേ അവിടെ കിടന്നു നിലവിളിച്ചു് ആ വള്ളക്കാരനെ വിളിച്ചുവരുത്തി. തന്നെ ഒരു കരയിൽ എത്തിക്കണമെന്നു ആ യുവാവു വള്ളക്കാരനോടപേക്ഷിച്ചു. അതിനു എന്തു പ്രതിഫലംകൊടുക്കുമെന്നായിരുന്നു വള്ളക്കാരൻ ചോദിച്ചതു്. പ്രതിഫലം കൊടുക്കുവാൻ തൻെറ കൈവശമൊന്നുമില്ലെന്നു ഡോംബ്രിവേ പറഞ്ഞു. മേലിൽ കിട്ടുന്നതിൽപകുതി തനിക്കു തരാമെന്നേററാൽ താൻ അവിടെനിന്നും

ഡോംബ്രിവേയെ ഒരു കരയിൽ അടുപ്പിക്കാമെന്നായിരുന്നു വള്ളക്കാരൻ ഇതിനു പറഞ്ഞ മറുപടി. ഡോംബ്രിവേ അതു സമ്മതിച്ചു. വള്ളക്കാരൻ അയാളെ അടുത്തു ജനവാസമുള്ള ഒരു കരയിൽ ഇറക്കിവിട്ടു ഡോംബ്രിവേ കീറിപ്പറിഞ്ഞ വസ്ത്രങ്ങളും ധരിച്ചു യാചിച്ചു ആഹാരവും കഴിച്ചു പലനാൾ പലസ്ഥലത്തും അലഞ്ഞുനടന്നശേഷം ഒടുവിൽ തൻെറ പ്രിയതമയുടെ പിതാവിൻെറ രാജധാനിയിൽ എത്തിച്ചേൎന്നു.

മരിച്ചുപോയെന്നുവിചാരിച്ചിരുന്ന ജാമാതാവു വീണ്ടും പ്രത്യക്ഷനായതിൽ ആ രാജാവിനുണ്ടായ സന്തോഷം എത്രമാത്രമെന്നു പറഞ്ഞറിയിക്കുവാൻ വിഷമമാണു്. ഡോംബ്രിവേയുടെ സൽസ്വഭാവത്തെപ്പററി തൻെറ പുത്രിയിൽ നിന്നും നല്ലതുപോലെ അറിഞ്ഞിരുന്ന രാജാവു അയാളെ രാജ്യഭാരം മുഴുവൻ ഏൽപ്പിച്ചിട്ടു വിശ്രമിക്കുവാൻ നിശ്ചയിച്ചു. പ്രതികാരേച്ഛ തീണ്ടിയിട്ടുപോലുമില്ലാത്ത ഡോംബ്രിവേയുടെ അപേക്ഷമൂലം പ്രധാനമന്ത്രിയെ ശിക്ഷിക്കാതെ വിട്ടു. അതിനുശേഷം ഡോംബ്രിവേ ആ രാജ്യത്തെ രാജാവായിത്തീരുകയും ചെയ്തു.

ഒരുദിവസം രാജാവായ ഡോംബ്രിവേ സിംഹാസനത്തിലിരുന്ന അവസരത്തിൽ ആ രാജ്യക്കാരനല്ലാത്ത ഒരു അപരിചിതൻ അദ്ദേഹത്തെ കാണുവാൻ വന്നു. നടുക്കടലിലെ പാറയിൽനിന്നും തന്നെ രക്ഷിച്ച വള്ളക്കാരനെ ഡോംബ്രിവേക്കു വേഗം മനസ്സിലായി. പഴയ പ്രതിജ്ഞ നിറവേററണമെന്നാവശ്യപ്പെടുന്നതിനാണു അയാൾ അവിടെ വന്നതു്. ഡോംബ്രിവേയ്ക്കു വേണമെങ്കിൽ പട്ടാളക്കാരെ

വിളിച്ചു അയാളെ കൊട്ടാരത്തിൽനിന്നൊ രാജ്യത്തിൽനിന്നൊ തന്നെയൊ ആട്ടിപ്പായിക്കാമായിരുന്നു. എന്നാൽ അദ്ദേഹം ആ വള്ളക്കാരനെ വിളിച്ചു തന്റെ രാജ്യത്തിൽ ഏതേതു ഭാഗങ്ങളാണു് അയാൾക്കു വേണ്ടതെന്നു ചോദിച്ചു. എന്തൊരത്ഭുതം! അവിടെ മുഴുവൻ വലുതായ ഒരു പ്രകാശം വ്യാപിച്ചു. ആ വള്ളക്കാരനെ കാണാൻ കഴിയാതായി. "സത്യസന്ധനായ ഡോംബ്രിവേ! ദൈവത്തിന്റെ കാരുണ്യം എപ്പോഴും നിന്നിൽ ഉണ്ടായിരിക്കും" എന്നൊരശരീരി മാത്രം അവിടെ കേട്ടു.

---

## ൧൧. വിശ്വസ്തനായ പട്ടി.

ഇംഗ്ലണ്ടിലെ ജാൺ എന്ന രാജാവിനു ലോകത്തിൽ രണ്ടു ജീവികളോടുമാത്രമെ യഥാൎത്ഥത്തിൽ സ്നേഹമുണ്ടായിരുന്നുള്ളു. അതിൽ ഒന്നു അദ്ദേഹത്തിന്റെ ജോൺ എന്ന പുത്രിയും മറെറാന്നു ഗിലർട്ടു് എന്ന പട്ടിയും ആയിരുന്നു ഗിലർട്ടു് എത്രയും ശൂരനായ ഒരു നായാട്ടുപട്ടിയായിരുന്നു. ജോണിനെ ലിവലിൻരാജകുമാരൻ വിവാഹം കഴിച്ചപ്പോൾ രാജാവു് ഗിലർട്ടിനെ തന്റെ ജാമാതാവിനു സമ്മാനിച്ചു. ലിവലിൻ വലിയ ഒരു നായാട്ടുപ്രിയനായിരുന്നു. അയാൾ ഗിലർട്ടിനെ എത്രയും സ്നേഹത്തോടെ വളത്തി. കാട്ടിൽ ചെന്നാൽ ഗിലർട്ടിന്റെ വീൎയ്യവും ശൌൎയ്യവും ഒന്നു പ്രത്യേകംതന്നെയാണു്. വന്യമൃഗങ്ങളെ ധൈൎയ്യത്തോടെ വേട്ട

യാടി തന്റെ യജമാനനെ കാഴ്ചവയ്ക്കുന്നതിൽ ഗിലർട്ട് അസാമാന്യമായ സാമർത്ഥ്യം പ്രകടിപ്പിച്ചിരുന്നു. രാജകുമാരന്റെ നായാട്ടിനെ ഉല്ലാസപ്രദമാക്കിത്തീർത്തത് ഗിലർട്ടായിരുന്നു. അവൻ രാജാവിന്റെ കണ്ണിലുണ്ണിയായി വളന്നു.

ദിവസവും രാജകുമാരൻ നായാട്ടിനു പുറപ്പെടുന്നതിനു മുൻപ് തന്റെ കൊട്ടാരവാതുക്കൽ നിന്നു കാഹളം മുഴക്കും. അപ്പോഠം ഗിലർട്ടു നായാട്ടിനു സന്നദ്ധനായി ഓടിക്കളിച്ചുകൊണ്ടു ലിവലിന്റെ മുൻപിൽ വരിക പതിവായിരുന്നു. എന്നാൽ ഒരു ദിവസം ലിവലിൻ കാഹളധ്വനി മുഴക്കിയിട്ടും പട്ടി അവിടെ എത്തിച്ചേന്നില്ല. പട്ടിയെ അവിടെ എങ്ങും കാണ്മാനുണ്ടായിരുന്നില്ല. ഒടുവിൽ രാജകുമാരൻ ഗിലർട്ടിനെ കൂടാതെ മററു നായ്ക്കളോടുകൂടി കാട്ടിലേക്കു തിരിച്ചു ഗിലർട്ട് ഇല്ലാതിരുന്നതിനാൽ അന്നു രാജകുമാരനു മൃഗങ്ങളെ ഒന്നും വേട്ടയാടുന്നതിനു സാധിച്ചില്ല. അതിനാൽ അദ്ദേഹം കോപിഷ്ഠനായി കൊട്ടാരത്തിൽ മടങ്ങിവന്നു.

അപ്പോഴാണു ഗിലർട്ടു രക്തവുമണിഞ്ഞു് ഓടിക്കിതച്ചുകൊണ്ടു ലിവലിന്റെ കാൽക്കൽ വന്നു വീണതു്. "എന്തു് ഗിലർട്ടിനു പേപ്പിടിച്ചോ? അവൻ എന്തിനെയാണു കടിച്ചു കൊന്നിരിക്കുന്നതു്" എന്നു രാജകുമാരൻ ചോദിച്ചു. ഗിലർട്ടിനു പേപിടിച്ചതായിരിക്കുമെന്നു് അദ്ദേഹം ഊഹിച്ചു. പെട്ടെന്നു് അദ്ദേഹത്തിന്റെ മനസ്സിൽ ഒരു വിചാരം കടന്നുകൂടി. തന്റെ ശിശു കിടന്നിരുന്ന മുറിയിലേക്കു് അദ്ദേഹം അസ്വാസ്ഥ്യത്തോടെ നടന്നു പോയി. ആ വഴിയിൽ മുഴവൻ രക്തം ചിതറി കിടന്നിരുന്നു. ശിശു

കിടന്നിരുന്ന മുറിയിൽ മുഴുവൻ രക്തപ്രളയം തന്നെ. ശിശുവിനെ തൊട്ടിലിൽ നോക്കി. അവിടെ കാണ്മാനുണ്ടായിരുന്നില്ല തൊട്ടിലും പരിസരവും രക്തത്തിൽ ആറാടിയിരിക്കുന്നു. അദ്ദേഹത്തിനു തല കറങ്ങുന്നതുപോലെ തോന്നി. രക്തത്തിൽ കുളിച്ചുനിന്നിരുന്ന ഗിലർട്ടു് അവിടെ വാലാട്ടിക്കൊണ്ടു നിന്നിരുന്നു; "ഇവൻ പേപിടിച്ചു് എന്റെ കുഞ്ഞിനെ കൊന്നു" എന്നു് അലറിക്കൊണ്ടു ലിവലിൻ ഗിലർട്ടിന്റെ ദേഹത്തു തന്റെ വാൾ പിടിയോളം കുത്തിഇറക്കി. ഒരു ദയനീയരോദനത്തോടെ ഗിലർട്ടു മരിച്ചുവീണു. അവന്റെ കണ്ണുകൾ അപ്പോഴും തന്റെ യജമാനന്റെ നേരെ തിരിഞ്ഞിരുന്നു അവൻ വാലാട്ടുന്നുണ്ടായിരുന്നു. ആ പട്ടിയുടെ കഥ കഴിഞ്ഞു. അപ്പോഴാണു് ലിവലിൻ ശിശുവിന്റെ കരച്ചിൽ കേട്ടതു്. തൊട്ടിലിനടിയിൽ കിടന്നാണു കുട്ടി കരഞ്ഞതു്. രാജകുമാരൻ അങ്ങോട്ടു ഓടിച്ചെന്നു. ശിശു സസുഖം ഉറക്കമുണർന്നു കരയുകയായിരുന്നു അതിന്റെ തല ഒരു ചെന്നായുടെ മൃതശരീരത്തിലാണു വച്ചിരുന്നതു്. ശിശുവിനെ കൊല്ലുവാൻവന്ന ചെന്നായെ ഗിലർട്ടു കൊന്നതായിരുന്നു.

രാജകുമാരനു് ഉണ്ടായ പശ്ചാത്താപത്തിനു് അളവല്ലായിരുന്നു. എന്നാൽ പിന്നെ പശ്ചാത്തപിച്ചതുകൊണ്ടു എന്തു ഫലമാണു്? അദ്ദേഹം ആ വിശ്വസ്തനായ പട്ടിയുടെ സ്മരണയെ നിലനിറുത്തുവാനായി ഒരു മനോഹരമായ സ്തംഭം പണികഴിപ്പിച്ചു. ആ വഴിയെ പോകുന്നവർ ഇന്നും ഗിലർട്ടിന്റെ കഥ പറയാറുണ്ടു്.

---

# സ്വർണ്ണം നിറച്ച ചാക്കുകൾ.

ഒരിക്കൽ ബാഗ്ദാദ്പട്ടണത്തിൽ ഹസ്സൻഎന്നപേരോടുകൂടിയ ഒരുവൻ ജീവിച്ചിരുന്നു. ഹസ്സനും അയാളുടെ ഭാൎയ്യയായ ഫാത്തിമായും എത്രധനം ലഭിച്ചാലും തൃപ്തിവരാത്തപ്രകൃതിക്കാരായിരുന്നു കാലിഫ് എന്നറിയപ്പെട്ടുന്ന അവിടത്തെ രാജാവിന്റെ ഒരു സേവകനായിരുന്ന ഹസ്സനു നല്ല ശമ്പളം ലഭിച്ചിരുന്നു. എങ്കിലും താൻ ഒരു നിർദ്ധനനാണെന്നായിരുന്നു അയാൾ മററുള്ളവരെ മനസ്സിലാക്കിയിരുന്നത്.

അവരാകട്ടെ വൃത്തിശ്ശൂന്യമായ ഒരു കുടിലിൽ ഏററവും ദരിദ്രരുടെ നിലയിൽ ജീവിച്ചിരുന്നു. കീറിപ്പറിഞ്ഞവസ്ത്രങ്ങളും ധരിച്ചു, കഷ്ടിച്ചു ജീവസന്ധാരണത്തിനുവേണ്ടിമാത്രം ആഹാരവും കഴിച്ചായിരുന്നു അവർ അവിടെ കഴിഞ്ഞുകൂടിയിരുന്നതു്. ഇങ്ങനെയുള്ള ജീവിതംകൊണ്ടു ഹസ്സനും ഫാത്തിമായ്ക്കും നിരവധി സ്വർണ്ണനാണയങ്ങൾ പ്രതിമാസം സമ്പാദിച്ചുവയ്ക്കുവാൻകഴിഞ്ഞു. ഈ സ്വർണ്ണനാണയങ്ങളെല്ലാം അവർ ചാക്കുകൾനിറയെകെട്ടി ആ കുടിലിന്റെ ഒരുഭാഗത്തു ഒളിച്ചുവച്ചിരുന്നു. അവയെല്ലാംഎടുത്തു ദിവസവും എണ്ണുന്നതുപോലെ അവൎക്കു ആഹ്ലാദപ്രദമായി മററു യാതൊന്നുമുണ്ടായിരുന്നില്ല

ഓരോ വർഷം കഴിയുന്തോറും ഹസ്സന്റെ സമ്പാദ്യം വർദ്ധിച്ചുവന്നു. അതോടുകൂടിതന്നെ അയാളുടെയും ഫാത്തി

മായുടെയും ധനദാഹവും കൂടിയാണ വന്നതു്. അവസാനത്തിൽ ആഹാരത്തിനവേണ്ടി ചെലവാക്കുന്ന ചെറിയതുകകൂടി മിച്ചംപിടിക്കണമെന്നു അവൾക്ക മോഹമുണ്ടായി. ഹസ്സന്ന പെട്ടെന്നു ഒരു ബുദ്ധിതോന്നി.

"അടുത്തപ്രാവശ്യം കച്ചവടക്കാർ നാം വാങ്ങിയിട്ടുള്ള സാമാനങ്ങളുടെ വില വാങ്ങുന്നതിന്ന ഇവിടെ വരുമ്പോൾ നീ ഒരു സൂത്രം പ്രയോഗിക്കണം. എന്നെ കാലിഫ് തടവിലാക്കി എന്നു് അവരോടു പറയണം. അപ്പോൾ നിന്നിൽ ദയതോന്നി അവർ 'നിനക്കു വേണ്ട ആഹാരസാധനങ്ങൾ വെറുതേ തരാതെ ഇരിക്കുകയില്ല" എന്നു ഹസ്സൻ ഫാത്തിമായോടു പറഞ്ഞു.

"അതു നന്നായിരിക്കുന്നു. എന്നാൽ നിങ്ങൾ വീട്ടിൽ കയറിവരുന്നതു അവർ കാണുകയില്ലയൊ?" എന്നായിരുന്നു ഫാത്തിമായുടെ മറുപടി.

"അതിന്നു വിഷമമില്ല. ഞാൻ രാത്രിയിൽമാത്രം ഇവിടെ വരാം" എന്നുപറഞ്ഞു ഹസ്സൻ അവളെ സന്തോഷിപ്പിച്ചു.

പിറേറദിവസം കച്ചവടക്കാർ ഹസ്സൻെറവീട്ടിൽ വന്നപ്പോൾ ഫാത്തിമ അവരുടെഅടുക്കൽ തൻെറ ദയനീയമായ വിധിയെപ്പററി പറഞ്ഞു. ഹസ്സൻെറ കാരാഗൃഹവാസംമൂലം പട്ടിണികിടന്നു മരിക്കേണ്ടിവരുമെന്നു പറഞ്ഞു് അവൾ കരഞ്ഞുതുടങ്ങി. എന്നാൽ ശുദ്ധന്മാരായ ആ കച്ചവടക്കാർ അവളെ ആശ്വസിപ്പിച്ചു. അവൾക്കു വേണ്ട ആഹാരസാധനങ്ങൾ വെറുതെ അയച്ചുകൊടുക്കാമെന്നു അവർ ഏററു. ഫാത്തിമ അവസാനമായി അവരോടു ഇങ്ങ

ന്നെ പറഞ്ഞു. "ദയചെയ്തു ഒരുകാൎയ്യംമാത്രം ഓൎത്തിരിക്ക ക്കണം. ഹസ്സനെ കാരാഗൃഹത്തിലടച്ചതിനെപ്പററി ആരോട്ടം ഒരക്ഷരം ഉരിയാടിപ്പോകരുതു്. അതു ഞാൻ സ്കലരെയും അറിയിച്ചു ബഹളമുണ്ടാക്കുന്നുവെന്നു കാലിഫ് അറിയുവാൻ ഇടയായാൽ ഹസ്സനെയും എന്നെയും കൊന്നുകളയുകയില്ലെന്നുതന്നെ ആരറിഞ്ഞു." അവരം അതിൽ ഭയപ്പെടേണ്ടതില്ലെന്നുപറഞ്ഞു കച്ചവടക്കാർ അവളെ സമാധാനപ്പെടുത്തി. തങ്ങരം ഒരു മനുഷ്യനോടും ഇക്കാൎയ്യം പറയുകയില്ലെന്നും അവർ പ്രതിജ്ഞചെയ്തു.

കച്ചവടക്കാർ സൗജന്യമായി കൊടുത്തയച്ചിരുന്ന ആഹാരസാധനങ്ങരംകൊണ്ടു ഹസ്സനും ഫാത്തിമയും ഒട്ടുവളരെ നാരം സുഖമായി കഴിച്ചുകൂട്ടി. ആഹാരത്തിനായി ചെലവാക്കേണ്ടിയിരുന്ന ഏതാനും നാണയങ്ങളും സമ്പാദിക്കവാൻ സാധിച്ചതിൽ അവരുടെ ആഹ്ളാദത്തിനു അതിരുണ്ടായിരുന്നില്ല. എന്നാൽ കച്ചവടക്കാൎക്കു ഒടുവിൽ ഒരു സംശയം ജനിച്ചു അവർ ഒടുവിൽ ഫാത്തിമായോടു ഇങ്ങനെ പറഞ്ഞു:—"നീ ഒരുകാൎയ്യം ചെയ്യണം. ഇനിയും നിന്റെ ബന്ധുക്കളുടെ അടുക്കൽചെന്നു കാൎയ്യംപറഞ്ഞു അവരോടു നിന്നെ സഹായിക്കുവാൻ ആവശ്യപ്പെടുക. ഞങ്ങളാൽ ആവുന്നവിധത്തിൽ ഞങ്ങരം സഹായിച്ചുകഴിഞ്ഞു." ഹസ്സൻ അന്നുരാത്രിയിൽ അവിടെ എത്തിയപ്പോരം ഫാത്തിമ ഈ വിവരം ധരിപ്പിച്ചു. ഹസ്സൻ ഉടനെ ഇങ്ങനെ പറഞ്ഞു:—"അതുകൊള്ളാം. ഇനിയും നമുക്കു ബന്ധുക്കളെക്കൊണ്ടു ജീവിക്കാം. അങ്ങനെയായാലും ഭക്ഷണത്തിനു ഒരുകാശും ചെലവുവരികയില്ലല്ലൊ."

ഹസ്സനും ഫാത്തിമായും വളരെനാളായി തങ്ങളുടെ ബന്ധുക്കളെ കാണാതെയും അവരെ വിസ്മരിച്ചുംതന്നെ ജീവിച്ചിരുന്നതു്. എന്നാൽ സ്വർണ്ണത്തിനുവേണ്ടി ഹസ്സനെപ്പോലെതന്നെ എന്തുംചെയ്യുവാൻ ഫാത്തിമായും തയ്യാറായിരുന്നു. അതിനാൽ അവരം അഭിമാനം കൈവെടിഞ്ഞു ബന്ധുജനങ്ങളുടെ അരികിലെത്തി. പണ്ടു കച്ചവടക്കാരോടു പറഞ്ഞ ആ കള്ളക്കഥ അവരം അവരോടും പറയുകയും ഉച്ചത്തിൽ കിടന്നു നിലവിളിക്കുകയുംചെയ്തു അവർ അത്ര വലിയ സമ്പന്നരല്ലായിരുന്നുവെന്നുവരികിലും അവളെ സഹായിക്കാമെന്നു ഉറപ്പുപറഞ്ഞു. അങ്ങനെ ഹസ്സനും ഫാത്തിമയ്ക്കും കുറെനാരംകൂടി യാതൊരു ചെലവുമില്ലാതെ ജീവിക്കുവാൻ സാധിച്ചു. അവസാനത്തിൽ, അവക്കും സംശയംതോന്നി ഹസ്സൻ കാരാഗൃഹത്തിലാണെന്നു അവർ വിശ്വസിക്കാതെയായി. അവർ മേലാൽ ആത്മസംബന്ധിച്ച അന്വേഷണംനടത്താതിരിക്കുന്നതിനായി ഫാത്തിമ അവരെ വിട്ടുപോന്നു. വീണ്ടും ഹസ്സനും ഫാത്തിമായ്ക്കും ഭക്ഷണസാധനങ്ങരം വിലയ്ക്കുവാങ്ങേണ്ടിവന്നു. ഇതു് ഹസ്സനെ രോഷാകുലനാക്കി. ഒരുദിവസം രാത്രിയിൽ കൊട്ടാരത്തിൽനിന്നും മടങ്ങിഎത്തിയപ്പോരം അയാളുടെ കൈവശം ഒരു വിലയേറിയ രത്നമുണ്ടായിരുന്നു.

"ഇതു എവിടെനിന്നു കിട്ടി" എന്നു ഫാത്തിമ വിറച്ചുകൊണ്ടു ചോദിച്ചു.

കൊട്ടാരത്തിൽനിന്നും. കാലിഫിനു എണ്ണിയാൽതീരാത്തവിധം രത്നങ്ങളുണ്ടു്. ഒരെണ്ണം കണ്ടില്ലെങ്കിൽ അ

 തു ആരറിയുവാനാണു്'" എന്നു ഹസ്സൻ മറുപടിയും പറഞ്ഞു.

അടുത്തദിവസംരാത്രിയിലും അയാൾ മറെറാരുരത്നം മോഷ്ടിച്ചുകൊണ്ടുവന്നു അങ്ങനെ ആ മോഷണം തുടൎച്ച്യായി നടന്നു. ഭക്ഷണസാധനങ്ങൾക്കായി അവർ എന്തെങ്കിലും ചെലവുചെയ്താൽ അന്നു കൊട്ടാരത്തിലുള്ള ഒരു രത്നം ഹസ്സൻെറ വീട്ടിലെത്തുമെന്നുള്ളതു നിശ്ചയമായിരുന്നു.

ഹസ്സൻ ഒരുദിവസം ഫാത്തിമയോടു ഇങ്ങനെ പറഞ്ഞു:—"നമുക്കു വേണ്ടത്ര രത്നങ്ങൾ ലഭിച്ചുകഴിയുമ്പോൾ വിദൂരസ്ഥലത്തുകൊണ്ടുചെന്നു അതു ഞാൻ വിററു സ്വൎണ്ണനാണയങ്ങളാക്കും."

"അതുപാടില്ല. അത്രദൂരം സഞ്ചരിക്കുന്നതിനു വേണ്ടപണം നമുക്കു ചെലവാക്കുവാൻ പാടില്ല" എന്നായിരുന്നു ഫാത്തിമ ഇതുകേട്ടപ്പോൾ മറുപടിപറഞ്ഞതു്. അതു ശരിയാണെന്നു ഹസ്സനും ബോദ്ധ്യമായി. അതിനാൽ അവിടത്തെ രത്നവ്യാപാരസ്ഥലങ്ങളിൽ കൊണ്ടുചെന്നു് ആ രത്നം മുഴുവൻ പലപ്രാവശ്യമായി വില്ക്കാമെന്നു് അവർ തീൎച്ചപ്പെടുത്തി. സമ്പന്നരായ ആരെങ്കിലും തങ്ങളെ ഇതു വില്ക്കുവാൻ ഏല്പിച്ചതാണെന്നു വ്യാപാരികളെ ധരിപ്പിക്കാമെന്നും അവർ നിശ്ചയിച്ചു.

അതനുസരിച്ചു ഫാത്തിമ വിലയേറിയ ഒരു രത്നവുമായി കമ്പോളത്തിലെത്തി. അവൾ അതു രത്നവ്യാപാരിയെ കാണിച്ചപ്പോൾ അയാൾ വല്ലാതെ സംഭ്രമിച്ചുപോയി. എന്തെന്നാൽ ഇത്ര വിലയേറിയ രത്നം കൊട്ടാരത്തിലേത

ല്ലാതെ മററാരിടത്തേതുമായിരിക്കുകയില്ലെന്ന് അയാൾക്കു നിശ്ചയമുണ്ടായിരുന്നു. രത്നവ്യാപാരി ഈ വിവരം കൊട്ടാരത്തിൽ അറിയിച്ചു. അവിടെനിന്നും ഭടന്മാർചെന്നു ഹസ്സന്റേയും ഫാത്തിമയുടേയും കുടിലിൽ പരിശോധിച്ചു. അവിടെനിന്നും കണ്ടെടുത്ത; സ്വർണ്ണനാണയങ്ങളും രത്നങ്ങളും നിറച്ച ചാക്കുകൾ അവർ മുദ്രവച്ചുകൊണ്ടുപോയി.

ഹസ്സനേയും ഫാത്തിമയേയും കാലിഫിന്റെ മുമ്പിൽ ഹാജരാക്കി. അവരുടെ പൂർവ്വകഥകൾ എല്ലാം അദ്ദേഹമറിഞ്ഞിരുന്നു. കാലിഫിന്റെ വിധി എന്താണെന്നറിയുന്നതിനു ഒട്ടുവളരെ ജനങ്ങൾ അവിടെ കൂടിയിരുന്നു കാലിഫ് ഇങ്ങനെ വിധി പ്രസ്താവിച്ചു "കമ്പോളത്തിലെ കച്ചവടക്കാരെ വഞ്ചിച്ചതിനു നിങ്ങളെ ജയിലിലടയ്ക്കുന്നതാണ്. നിങ്ങളുടെ ബന്ധുക്കളെ വഞ്ചിച്ചതിനു നിങ്ങളെ പൊതുനിരത്തിൽ നിറുത്തി പ്രഹരിക്കുന്നതാണ്. ബാഗ്ദാദിലെ കാലിഫിന്റെ രത്നങ്ങൾ മോഷ്ടിച്ചതിനു നിങ്ങളെ തൂക്കിക്കൊല്ലുന്നതിനും വിധിച്ചിരിക്കുന്നു."

ഹസ്സനും ഫാത്തിമയും ഇതുകേട്ടപ്പോൾ കാലിഫിന്റെ പാദങ്ങളിൽ വീണു ദയകാണിക്കണമെന്ന് അപേക്ഷിച്ചു.

"ഒരു വ്യവസ്ഥയിൽ നിങ്ങളുടെ ഈ ശിക്ഷ ഞാൻ റദ്ദുചെയ്യാം. അതു നിങ്ങളുടെ ഈ സ്വർണ്ണംനിറച്ച ചാക്കുകൾ കഴുത്തിൽ കെട്ടിയിട്ടുകൊണ്ടു നിങ്ങൾ വീട്ടിലേക്കു മടങ്ങിപ്പോകണമെന്നുള്ളതാണ്." കാലിഫിന്റെ വാക്കുകളെ ആദ്യം വിശ്വസിക്കുന്നതിനുതന്നെ ഹസ്സനും ഫാത്തിമയ്ക്കും സാധിച്ചില്ല. എന്നാൽ അതോടുകൂടി കാലിഫി

ൻേറ പ്രധാനമന്ത്രി മറെറാരു ഉത്തരവുംകൂടി അവിടെനിന്നും പരസ്യമായി വായിച്ചു. ഹസ്സനും ഫാത്തിമയ്ക്കും എന്തെങ്കിലും സാധനങ്ങൾ വിലയ്ക്കുകൊടുക്കുകയോ, അവരോടു ഏതെങ്കിലും വിധത്തിൽ സഹകരിക്കുകയോ, അവരെ സഹായിക്കുകയോ ചെയ്യുന്നവരെ തൂക്കിക്കൊല്ലുമെന്നായിരുന്നു ആ ഉത്തരവിൻേറ സാരം.

ഹസ്സനും ഫാത്തിമായും സ്വർണ്ണം നിറച്ച ഭാരമേറിയ ചാക്കുകൾ കഴുത്തിൽ കെട്ടിയിട്ടുകൊണ്ടു് വീട്ടിലേക്കു മടങ്ങി. തങ്ങളോടു കാലിഫ് ഇത്ര ദയകാണിച്ചതിൽ അവർക്കു നിസ്സീമമായ സന്തോഷമുണ്ടായിരുന്നു എന്തുതന്നെയായാലും, തങ്ങൾ ജീവനെക്കാൾ വിലമതിക്കുന്ന ഈ സ്വർണ്ണനാണയങ്ങൾ തിരിച്ചുകിട്ടിയല്ലോ എന്നോർത്തപ്പോൾ അവർ ആഹ്ളാദംകൊണ്ടു മതിമറന്നു അവർക്കു് ആരെങ്കിലും സാമാനങ്ങൾ വിലയ്ക്കുകൊടുക്കുന്നുവൊ എന്നും, അവരോടു് ആരെങ്കിലും ഏതെങ്കിലും വിധത്തിൽ സഹകരിക്കുന്നുവൊ എന്നും നോക്കുവാൻ പട്ടാളക്കാർ കാവൽനിന്നിരുന്നു. ഹസ്സനും ഫാത്തിമയും ഇതൊന്നും അത്ര കാര്യമായി ഗണിച്ചില്ല. അവർ നാണയങ്ങൾ എണ്ണി തൃപ്തിയടഞ്ഞു എന്നാൽ ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോഴാണു് തങ്ങളുടെ യഥാർത്ഥനില അവർക്കു ബോദ്ധ്യമായതു് അവർക്കു ഭക്ഷണസാധനങ്ങൾ വിലയ്ക്കുവാങ്ങുവാൻ സാദ്ധ്യമല്ലായിരുന്നു. നിരത്തുകളിൽക്കൂടി അവർ നടന്നുപോകുമ്പോൾ ജനങ്ങൾ അവരുടെ അടുക്കൽനിന്നു ദൂരെ ഓടിപൊയ്ക്കൊണ്ടിരുന്നു. ഒരൊററ ജീവിയെങ്കിലും അവ

രോട്ട് ഉരിയാടിയിരുന്നില്ല. ഓടകളിൽ കിടന്ന എച്ചിലിലകളിൽനിന്നാണു് അവക്കു് എന്തെങ്കിലും ആഹരം ലഭിച്ചിരുന്നതു്. എന്നിട്ടും അവർ വീട്ടിൽചെന്നു സ്വർണ്ണനാണയങ്ങൾ എണ്ണി കുറെയൊക്കെ തൃപ്തിപ്പെട്ടുകൊണ്ടിരുന്നു. നാളുകൾ പലതുകഴിഞ്ഞു അവക്കു് ഈ സ്ഥിതി തീരെ അസഹ്യമായിത്തീൎന്നു. സ്വർണ്ണനാണയങ്ങൾ വീണ്ടുംഎണ്ണിനോക്കി. എന്നാൽ അതുകൊണ്ടു് അവക്കു അപ്പോൾ യാതൊരു ആശ്വാസവുമുണ്ടായില്ല. സമുദായം അവരെ പ്ലേഗിനെക്കാൾ ദൂരെ വജ്ജിച്ചിരുന്നു.

ഒരുദിവസം ഹസ്സനും ഫാത്തിമായും എല്ലുംതോലുമായി കീറിപ്പറിഞ്ഞ വസ്ത്രങ്ങളും ധരിച്ചു കാലിഫിൻെറ കൊട്ടാരത്തിലെത്തി. പിന്നാലെ അവരെ സൂക്ഷിക്കുവാൻ നിയുക്തരായിരുന്ന പട്ടാളക്കാരും ഒട്ടുവളരെ ജനങ്ങളും ഉണ്ടായിരുന്നു. അവർ കാലിഫിൻെറ പാദങ്ങളിൽ വീണുകൊണ്ടു ഇങ്ങനെ നിലവിളിച്ചു:—"ഈ സ്വർണ്ണമെല്ലാം തിരിച്ചെടുത്തുകൊള്ളുക. അതു ഇനിയും ഞങ്ങൾക്കു കാണുവാൻ ഇടവരരുതു്. എന്നാൽ ജോലിചെയ്തു മാനമായി ജീവിക്കുവാൻ ഞങ്ങൾക്കു അവസരംതന്നാൽമതി." കാലിഫിൻെറ മുഖത്തു ഒരു കൃതാൎത്ഥത കളിയാടുന്നുണ്ടായിരുന്നു. അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു. "നിങ്ങളുടെ സ്വർണ്ണമെല്ലാം അഗതികളായവക്കു കൊടുക്കുക. ഇപ്പോഴെങ്കിലും സ്വർണ്ണമല്ല ഒരുവനു ശാന്തിയും സൌഖ്യവും നൽകുന്നതെന്നു നിങ്ങൾക്കു ബോദ്ധ്യമായതിൽ സന്തോഷിക്കുന്നു. ഉപയോഗമില്ലാതെ സ്വർണ്ണം കൂട്ടിവയ്ക്കുന്നതു പാപമാണു്."

അതിനുശേഷം ഹസ്സനെയും ഫാത്തിമായെയും കൊട്ടാരത്തിലെ ജോലിയിൽ പ്രവേശിപ്പിക്കുകയും, അവർ നല്ലതുപോലെ ജോലിചെയ്തു സുഖമായി കഴിയുകയുമുണ്ടായി.

---

2466

# ബാലകഥാമഞ്ജരി.

G 204

ഗ്രന്ഥകർത്താ,

പി. എൻ. കൃഷ്ണപിള്ള ബി. എ

G 204

"ശ്രീരാമവിലാസം" പ്രസ്സ്,

കൊല്ലം.

1109.

Indic Digital Archive Foundation
gpura.org